Vol. 8 No. 2 February 2010

# Church Voice

Mateer Memorial Church Newsletter



Jesus put his hands on the man's eyes.
Then his eyes were opened…and he saw everything clearly.
(Mark 8:25)

## Church News
## January 2010

1. **സംഘടനാ ഭാരവാഹികൾ – 2010**






| Mr. Sen Edwin<br>SundaySchoolSecretary | Mr. Arun Thomas Raj<br>CEYF Secretary | Mr.Y.Christu Das<br>General Secretary,SCF | Mr. Lino.V.S<br>BCL Secretary |
|---|---|---|---|

**സൺഡേ സ്കൂൾ ഭാരവാഹികൾ**: സെൻ എഡ്വിൻ (സെക്രട്ടറി), രാജേഷ് കുമാർ പ്രസീദം (അക്കൗണ്ടന്റ്), അഡ്വ.എ.സഗുണരാജ് (ട്രഷറർ), ചെല്ലഫ്ളോറി (കമ്മിറ്റി അംഗം), അജിത് സെൻ, മാർട്ടിൻ ഡാനിയൽ, ഇവാൻജലിൻ സുഗുണൻ (ഡിസ്ട്രിക്റ്റ് കമ്മിറ്റി)
**CEYF ഭാരവാഹികൾ**: ജോഷിദാസ് (വൈസ് പ്രസിഡന്റ്), അരുൺ തോമസ് രാജ് (സെക്രട്ടറി), അമിതാ സോളമൻ (അക്കൗണ്ടന്റ്), രാജേഷ്.എം.ദാസ് (ട്രഷറർ).
**BCL യൂണിയൻ ഭാരവാഹികൾ**: ഇമ്മാനുവൽ ഹെൻട്രി (വൈസ് പ്രസിഡന്റ്), ലിനോ.വി.എസ് (സെക്രട്ടറി), ടോണി ഡയസ് (അക്കൗണ്ടന്റ്), അനിൽ ലാസർ, സാം അഭിഷേക്, നിജിൽ.ആർ.എസ് (ജോ.സെക്രട്ടറിമാർ), അൻജിത്ത് ജെയിംസ്, ബിനിൽ G.എഡ്വിൻ, രാഹുൽ ചന്ദ്രൻ V.A (പ്രെയർ സെക്രട്ടറിമാർ), കെ.ഹഡ്സൺ (സഭാകമ്മിറ്റി പ്രതിനിധി).

2. **അദ്ധ്യാപക പരിശീലനം**

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായി ജനുവരി 24ന് പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീ. നോബിൾ മില്ലർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### ചരമ അറിയിപ്പ്

1. സുലോചനാരാജാ

കവടിയാർ പണ്ഡിറ്റ്സ് കോളനി നമ്പർ 3 രാജാസിൽ റിട്ട. Dy.S.P ചെല്ലദുരൈ രാജായുടെ ഭാര്യ സുലോചനാ രാജാ (75) ജനുവരി 8-നു ഹൈദരാബാദിൽ നിര്യാതയായി.

## കൊത്തളം മിഷൻ ഫീൽഡ്

എം.എം.ചർച്ചിന്റെ സിറ്റി മിഷൻ ഫീൽഡായ കൊത്തളത്തിൽ ആദ്യമായി ക്രിസ്തുമസ്സ് വാർഷികലേലം 20-12-2009-ൽ നടക്കുകയുണ്ടായി. പ്രസ്തുത ലേലം എം.എം.ചർച്ച് സിറ്റി മിഷൻ ഫീൽഡുകളുടെ കൺവീനറായി പ്രവർത്തിക്കുന്ന ശ്രീ. റോബർട്ട് സിംഗ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത മിഷൻ ഫീൽഡിന്റെ നേതൃത്വത്തിൽ ആദ്യമായി ക്രിസ്തുമസ്സ് കരോൾ റൗണ്ട്സ് 22-12-2009-ൽ നടത്തുകയുണ്ടായി. സന്ദർശിച്ച ഭവനങ്ങൾ ഭൂരിഭാഗവും ഹൈന്ദവ ഭവനങ്ങളായിരുന്നു. ഡിസംബർ മാസം 25-ാം തീയതി ഉച്ച കഴിഞ്ഞ് ക്രിസ്തുമസ്സ് ആഘോഷ പരിപാടികളും സണ്ടേസ്കൂൾ വാർഷികവും നടന്നു. പ്രസ്തുത യോഗത്തിൽ വച്ച് എം.എം.ചർച്ചിൽ നിന്ന് ലഭിച്ച ക്രിസ്തുമസ്സ് കിറ്റുകളും വസ്ത്രങ്ങളും വിതരണം ചെയ്തു. ഈ പ്രദേശത്ത് സഭയ്ക്ക് വേണ്ടി അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കണമേ.

Sen Edwin, Convenor

# Church Voice

**FEBRUARY 2010**

**EDITORIAL BOARD**

**Chief Editor**

Rev. Dr. L.E. Sahanam

**Editor**

R. Sajan Samson

Rev. J. Walsalam

Rev. K. Isaac Paul Singh

Dr. Samson Nessiah

Noble Albin

Immanuel Henry

Christenson E. Sarasam

Bejoy Peter

E. Manoj Kumar

Sabu S. Rajan



**Address:**

The Editor

Church Voice

M.M.Church

LMS Compound

Trivandrum - 695 033

Phone: 2311347

Articles/ feedback may be sent to:

**churchvoice@gmail.com**

**before 15th of every month**

Church Voice can be read online at our website,

www.mateermemorialchurch.com


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

Morning Worship (Monday to Saturday) 7.00 a.m

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCEF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Teens Bible Hour | 03.00 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. Dr. L.E. Sahanam (*President*) | 2724658 | 9497160876 |
| Rev. J. Walsalam (*Presbyter*) | 2316544 | 9496100594 |
| Rev. K. Isaac Paul Singh (*Presbyter*) | 2316644 | 9446749621 |
| Dr. Samson Nessiah (*Secretary*) | 2334036 | 9447126931 |
| Mr. Noble Albin (*Accountant*) | 2319303 | |
| Mr. Immanuel Henry | 2722202 | 9447021212 |
| Mr. Y. Christu Das | 2318213 | 9895114633 |
| Er. S. R. K. Rasalam | 2317419 | |
| Mr. R. E. S. Robert Singh | 2436338 | 9447888533 |
| Mr. K. Hudson | 2355229 | |
| Mr. R. Sajan Samson | 2555013 | 9447153170 |
| Adv. Sarjine Thomas | 2435142 | 9847104775 |
| Mrs. Seleena Bai Johnson | 2726757 | |
| Mrs. Grisilda Wills | 2313467 | |
| Dr. John Sajit Edwin | 2326839 | 9847040490 |
| **Church Office** | **2311347** | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst) | | 9447525339 |



## Theme of the Year:
## Equipping God's people for Christian Ministry

**<u>ഈ മാസത്തെ കൂറിവാക്യം</u>**

ശമുവേൽ പറഞ്ഞത്: യഹോവയുടെ കൽപന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്ക് പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്.

But Samuel replied: "Does the LORD delight in burnt offerings and sacrifices as much as in obeying the voice of the Lord? To obey is better than sacrifice, and to heed is better than the fat of rams." 1 Samuel 15:22

Obedience is something God expects from his creation. Disobedience is the first sin recorded in the Bible committed by Adam and Eve and that marked the beginning of human fall. Since then the humans continued to disobey God irrespective the consequences. Time and again God reminded them to be obedient to God. Abraham, Moses, the judges and the prophets constantly reminded them of the need to obey God their creator. But God's own people made it a habit to disobey him.

God has been providing them everything they wanted. At one stage they demanded that they need a king to rule over them and they would obey him. God, even though He did not approve of it they were given a king so that they would obey him. [1. Samuel: 12: 12, 17, 19,20.] But the people continued their life in disobedience.

On another occasion the Israelites thought that they could disobey God and appease him with sacrifices and offerings. Even in our generation do we find people who believe that they could live as they like and appease god with a special offerings, pilgrimages making huge donations or build great monuments etc. The question the prophet Samuel raises is an indication of the mind of God. What God likes is our life, a life that is obedient to Him. It will be pleasing to him if we lead a life of obedience to His commands and follows his ways rather than the offerings we make.

**<u>ELECTIONS</u>**

New office bearers and committees have been elected to various organisations like Sunday School, CEYF, BCL union, Women's Fellowship and Senior Christian Fellowship. By the time you read this the choir elections would also have been over. I want to congratulate all those who have been elected to assume various responsibilities and I hope and pray that they would discharge their responsibilities in obedience to God. They have been called for ministry with the church and I trust that they would equip themselves and others for God's ministry through the organisations with which they have been called to serve God and His body.

## HEALING MINISTRY SUNDAY

February 14th Sunday will be observed as healing ministry Sunday. Many members of our congregation are involved in healing ministry in various ways at different hospitals and other healing related programs. Let us remember all of them in a special way and pray for them that they will be obedient to their calling and bring joy to people whom they are called to serve. It will be nice if those who are involved in healing ministry lead the worship services on healing Sunday!

## ASH WEDNESDAY

March 17th is observed as Ash Wednesday. Ash Wednesday marks the beginning of the season of passion. In Western Christianity, Ash Wednesday marks the first day, or the start of the season of Lent, which begins 40 days prior to Easter (Sundays are not included in the count).

Lent is a time when many Christians prepare for Easter by observing a period of fasting, repentance, moderation and spiritual discipline. During some Ash Wednesday services, the minister will lightly rub the sign of the cross with ashes onto the foreheads of worshipers.

Not all Christian churches observe Ash Wednesday or Lent. They are mostly observed by the Lutheran, Methodist, Presbyterian and Anglican denominations, and also by Roman Catholics.

The Bible does not mention Ash Wednesday or the custom of Lent - however, the practice of repentance and mourning in ashes is found in 2 Samuel 13:19; Esther 4:1; Job 2:8; and Daniel 9:3.

What is the meaning and purpose of Ash Wednesday?

Ash Wednesday is a wake-up call. We hear Scripture readings that are urgent and vivid. In some traditions on Ash Wednesday ashes are rubbed into ones forehead. Worshipers recite a Litany of Penitence that takes their breath away, or should. It is a tough day, but take heart!.

On Ash Wednesday some people go to church to kneel, to pray, and to ask God's forgiveness, surrounded by other sinners. Human sin is universal; we all do it, not only Christians. But our church tradition sets aside Ash Wednesday as a particular day to address sin and death.

Those who observe Ash Wednesday treat it as the gateway to Lent. There are forty precious days to open ourselves up most particularly to God, to examine ourselves in the presence of one who created us, knows us, and loves us. We have forty days to face ourselves and learn to not be afraid of our sinfulness. We are dust, and to dust we shall return, but with God's grace we can learn to live this life more fully, embracing our sinfulness, allowing God to transform us

The Lenten journey, with its climax in Holy Week and Good Friday and Easter, is about participating in the death and resurrection of Jesus. Even though our tradition does not warrant us to observe Lent it will be a good spiritual discipline to observe some level of Lent practices.

കർത്താവിൽ നിങ്ങളുടെ
**സഹനം അച്ചൻ**

## Secretary Writes



Dear friends,

The first paper of 2010 A.D. Calender has been torn off. Let us thank God for keeping us healthy and happy!

Most of the sub-organisations have elected their office-bearers for 2010. Let us congratulate them and present them into the hands of our Lord for utilizing them to the maximum in their responsibility of evangelization and mitigating the sufferings of the poor and the sick.

Lot of appreciation is streaming in for the novel 'X'mas-candle-service'. May God increase its grandeur in the coming years! The campus-beautification project is progressing steadily. Being a 'mega-budget' programme, every move is made cautiously exploiting all available technical expertise.

We are thankful to Mr. E.Gnana Mohan of Barton Hill for donating two decoration lamps for the main entrance of our church.

May God help us to overcome all satanic influences and strive together as members of the 'M.M.Church family', giving up envy and hatred if any and glorifying and praising God through our words and deeds.

The January Committee has resolved to enhance the 'Monthly Financial Assistance' to the retired sextons of our Church, from Rs.1,000/- to Rs.1,500/-.

The following aid items have been sanctioned:

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | Santha | (Parandodu) | - | Educational Aid | - | Rs. | 1,000/- |
| 2. | Kumari | (Venkadambu) | - | Medical Aid | - | Rs. | 5,000/- |
| 3. | Benny | (Alleppey) | - | Medical Aid | - | Rs. | 1,000/- |

May God console the bereaved families of our co-worshippers, Mrs.Sulochana Raja and Mr.V.Jones (Devaswam Lane, Kesavadasapuram)!

M.M.CHURCH
17.01.2010

**Dr. Samson Nessiah**
Church Secretary

# **“Fading Away like the stars”** S.S. 798

## വിവർത്തനം - ഡോ.സാംസൺ നേശയ്യ

| | s | : fe . , s | $d^1$ | : s . m | s | : f . , r | f . m | : - |
|---|---|---|---|---|---|---|---|---|
| 1 | ആ | ദിത്യ ൻ | ആ | കാ ശേ | ആ | ഗ ത | നായാൽ | |
| 2 | നാം | അ ദ്ധാ | നിച് | ച ഫ | ലം | കൊയ്തീ | ടും നാൾ | |
| 3 | ഇന് | നു നാം | പാ | കീ ടും | വിത് | തിൻഫ | ലവും | |
| 4 | മന് | ന വൻ | വന് | നി ഹേ | തൻ | ജന | മാകെ | |

| | l | : t . , t | $d^1$ | : s . l | t | : l . , l | s | : - |
|---|---|---|---|---|---|---|---|---|
| 1 | ആ | നേ രം | താ | രങ്ങൾ | താ | നേ മാ | യും | |
| 2 | നാം | ഭൂ വിൽ | കാ | ണില്ല | എ | ങ്കിൽപോ | ലും | |
| 3 | നാം | ചൊന്ന | ജീ | വിത | സത് | യങ്ങ | ളും | |
| 4 | ഉന് | ന തേ | ചേർ | ത്തീടും | അന് | നാള | തിൽ | |

| | s | : fe . , s | $d^1$ | : s . m | s | : f . , r | f . m | : - |
|---|---|---|---|---|---|---|---|---|
| 1 | അവ് | വ ണ്ണം | മണ് | ണതിൽ | കണ് | ണ ട | യുമ്പോൾ | |
| 2 | മറ് | റുള്ളോർ | ആ | ന ന്ദി | ച്ചാ | ഹ്ലാദി | ച്ചന്നാൾ | |
| 3 | അന് | നു നാം | ഭൂ | ലോകിൽ | ഇല് | ലെന്നാൽ | പോലും | |
| 4 | ക്ഷീ | ണിതർ | വിശ് | വസ്തർ | ആ | യനൽ | ദാസർ | |

| | l | : t . , t | $d^1$ | : s . f | m | : r . , d | d | : - |
|---|---|---|---|---|---|---|---|---|
| 1 | സൽ | കർ മ്മ | ങ്ങൾ | അതാൽ | ഓർ | ക്കപ്പെ | ടും | |
| 2 | മുറ് | റും സ്മ | രിക് | കുംആ | സൽ | കർ മ്മ | ങ്ങ ൾ | |
| 3 | ആ | സ്വദി | ച്ചീ | ടും നം | പിൻ | ഗാമി | കൾ | |
| 4 | ക്ഷോ | ണിയി | തിൽ | നിന്നു | ചേർ | ക്കപ്പെ | ടും | |

**chorus**

| r | : r . , m | f . f | : - | m | : m . , f | s . s | : - |
|---|---|---|---|---|---|---|---|
| സൽ | കർ മ്മ | മതാൽ | | സൽ | കർ മ്മ | മതാൽ | |

| s | : fe . , s | l . t | : $d^1$ . $d^1$ | t | : l . , l | s | : - |
|---|---|---|---|---|---|---|---|
| സൽ | കർ മ്മ | ത്താൽ | നമ്മൾ | ഓർ | ക്കപ്പെ | ടും | |

| s | : fe . , s | $d^1$ | : s . m | s | : f . , r | f . m | : - |
|---|---|---|---|---|---|---|---|
| നൽ | ഓട്ട ം | തീർ | ത്തുസ്വർ | ലോ | കെത്തും | ദാസർ | |

| l | : t . , t | $d^1$ | : s . f | m | : r . , d | d | : - |
|---|---|---|---|---|---|---|---|
| സൽ | ക്കർ മ്മ | ത്താൽ | എന്നും | ഓർ | ക്കപ്പെ | ടും | |

റവ.ഇ.ജോൺ വിക്റ്റർ

# സഭയുടെ സൗഖ്യദായക ശുശ്രൂഷ

(HEALING MINISTRY OF THE CHURCH)

പാഠഭാഗങ്ങൾ: 2 രാജാ.20:1-11; മർക്കൊ.5:25-34

രോഗശാന്തി ഓരോ ക്രിസ്തീയ വിശ്വാസിയുടേയും ജന്മാവകാശമാണ്. നാം ശരീരത്തിലും മനസ്സിലും ആത്മാവിലും പൂർണ്ണസൗഖ്യമുള്ളവരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. യേശു നമ്മുടെ സൗഖ്യദായകനാണ്. ദൈവീക രോഗശാന്തി വേദപുസ്തകാടിസ്ഥാനത്തിൽ ഉള്ളതാണ്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ദൈവരാജ്യ ശുശ്രൂഷയുടെ അവിഭാജ്യ ഘടകമാണ് രോഗശാന്തി ശുശ്രൂഷ.

മെഡിക്കൽ സയൻസ് വളരെ വളർന്നു കഴിഞ്ഞു എന്ന സത്യം നിക്ഷേധിക്കാനാവില്ല. ഒരു ഡോക്ടർ രോഗികളെ ചികിത്സിക്കുന്നു. സൗഖ്യം തരുന്നത് ദൈവമാണ്. ഇവിടെ പലപ്പോഴും ചികിത്സിക്കുന്ന ഡോക്ടർക്കാണ് നാം മുഖ്യസ്ഥാനം കൊടുക്കുന്നത്. ഒരു പ്രസിദ്ധനായ ഡോക്ടർ പറഞ്ഞു: “God heals and the Doctor gets the credit.” **സൗഖ്യദായകനായ ദൈവം ആത്മാവിനെ സൗഖ്യമാക്കുന്നു. മനസ്സിന് സമാധാനം നൽകുന്നു. ശരീരം രോഗവിമുക്തമാകുന്നു.**

ഇന്നത്തെ രോഗശാന്തി ശുശ്രൂഷ ദൈവത്തെ നിക്ഷേധിക്കുന്ന ഒരു പ്രകടനമായിട്ടാണ് പലയിടങ്ങളിലും കാണപ്പെടുന്നത്. രോഗശാന്തി ശുശ്രൂഷകൻ മറുഭാഷ എന്ന പേരിൽ ചിലതൊക്കെ ഉച്ചത്തിൽ വിളിച്ചു പറയുന്നു. പിശാചിനെ ബന്ധിക്കുന്നു. ദൈവത്തോട് എന്തൊക്കെയോ ആജ്ഞാപിക്കുന്നു. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും സൗഖ്യദായകനായ യേശുക്രിസ്തു തന്റെ ശുശ്രൂഷയിൽ ചെയ്തിട്ടില്ലാത്തതുമായ ചിലതൊക്കെ രോഗശാന്തി ശുശ്രൂഷ എന്ന പേരിൽ ചെയ്തു കൂട്ടുന്നു. ഈ ദിവ്യാത്മാവിനെ അനുകരിക്കുന്നവർ ഈ തനിരൂപം ഭാവി തലമുറയ്ക്ക് കൈമാറുകയും ചെയ്യു ന്നു.

രോഗസൗഖ്യത്തിനാധാരമായി പാഠഭാഗങ്ങളിൽ സൂചിപ്പിക്കുന്ന ചില പ്രധാന സംഗതികൾ.

I. **പാപമോചനവും ദൈവീക രോഗശാന്തിയും (Pardon and divine healing)**

ദൈവീക രോഗശാന്തിയുടെ അടിസ്ഥാനം പശ്ചാത്താപവും പാപക്ഷമയുമാണ്. പാപക്ഷമയില്ലാതെ രോഗശാന്തി പൂർണ്ണമാകുന്നില്ല - നിലനിൽക്കുന്നില്ല. രോഗശാന്തിയില്ലാത്ത പാപക്ഷമയും പൂർണ്ണമല്ല. ഈ വലിയ സത്യം ഇന്നത്തെ പഴയനിയമ ഭാഗം നമ്മെ പഠിപ്പിക്കുന്നു. ഹിസ്കിയാ രാജാവിനെ മാരകമായ രോഗം ബാധിക്കുന്നു. സൗഖ്യം ലഭിക്കുമെന്ന പ്രതീക്ഷ നഷ്ടമായി (2 രാജാ.20:1). രാജാവ് പാപം ഏറ്റു പറഞ്ഞ് നിലവിളിച്ചു പ്രാർത്ഥിക്കുന്നു (20:2). സ്വർഗത്തിലെ ദൈവം തന്റെ പാപം ക്ഷമിച്ച് അവന്റെ രോഗം സൗഖ്യമാക്കുന്നു. ദൈവം തന്റെ ആയുസ്സിൽ 15 വർഷം നീട്ടിക്കൊടുക്കുന്നു. “അവൻ നിന്റെ അകൃത്യമൊക്കെയും മോചിക്കുന്നു. സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു” (സങ്കീ.103:3).

മനുഷ്യൻ പാപം ചെയ്തു. അവൻ ശരീരത്തിലും ആത്മാവിലും രോഗിയായി ത്തീർന്നു. പാപത്തിന്റെ ശമ്പളമായ മരണത്തിന് അടിമയായി തീർന്നു. പാപത്തിൽ നിന്നും പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും അവന് മോചനം ആവശ്യമാണ്. ക്രിസ്തുവിന്റെ മരണത്താലും പുനരുദ്ധാനത്താലും അത് സാദ്ധ്യമായി ത്തീർന്നു. “സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. അവൻ നമ്മുടെ അതി

ക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു" (യെശ.53:4,5). ഇവിടെ പാപത്തിൽ നിന്നും അതു മൂലമുണ്ടായ രോഗത്തിൽ നിന്നുമുളള സൗഖ്യമാണ് സൂചിപ്പിക്കുന്നത്.

## II. വിശ്വാസവും രോഗശാന്തിയും (Faith and divine healing)

വിശ്വാസം രോഗശാന്തിക്ക് അതി പ്രധാനമായ ഘടകമാണ്. "Faith is the foundation of divine healing" എന്നു പറയപ്പെടുന്നു. യേശുകർത്താവ് രോഗികൾക്ക് സൗഖ്യം നൽകിയ ഇടങ്ങളിൽ വിശ്വാസത്തെ പ്രശംസിച്ചു പറഞ്ഞിരിക്കുന്നു. കഫർന്നഹൂമിലെ ശതാധിപന്റെ ഭൃത്യന് സൗഖ്യം കൊടുത്തപ്പോൾ, "പോക, നീ വിശ്വസിച്ചതു പോലെ നിനക്ക് ഭവിക്കട്ടെ" എന്ന് യേശു പറഞ്ഞു (മത്ത.8:13).

പന്ത്രണ്ടു വർഷമായി രക്തസ്രവം ബാധിച്ച സ്ത്രീ നാട്ടിലെ ചികിത്സാ സമ്പ്രദായങ്ങളെല്ലാം പരീക്ഷിച്ചു നോക്കി. തന്റെ സമ്പാദ്യമെല്ലാം ചികിത്സയ്ക്കായി അവൾ ചെലവിട്ടു. ശാരീരികമായും മാനസികമായും തളർന്ന ഒരു സ്ത്രീ. അവൾ സൗഖ്യദായകനായ യേശു ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചു. "അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൽ എനിക്കു സൗഖ്യമാകും" എന്നവൾ ഉറച്ചു വിശ്വസിച്ചു. അവൾ വിശ്വാസത്തോടു കൂടെ ഇറങ്ങി പുറപ്പെട്ടു. സൗഖ്യദായകനായ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. യേശുവിന്റെ സൗഖ്യമാക്കുന്ന ദൈവീക ശക്തി അവളിലേക്ക് പ്രവഹിച്ചു. "ബാധ മാറി സ്വസ്ഥയായി എന്നവൾ ശരീരത്തിൽ അറിഞ്ഞു" (5:29). "മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക" (5:34) എന്ന് യേശു പറഞ്ഞു. അവളുടെ ക്രിസ്തുവിലുള്ള ആഴമായ വിശ്വാസം രോഗശാന്തിക്ക് കാരണമായി തീർന്നു.

യെരിഹോ എന്ന പട്ടണത്തിൽ ബർത്തമായി എന്ന കുരുടൻ ഭിക്ഷ യാചിച്ചു കൊണ്ടിരുന്നു. സൗഖ്യദായകനായ യേശുവിന്റെ വാർത്ത അവൻ കേട്ടു. "ദാവീദ് പുത്രാ യേശുവേ, എന്നോട് കരുണ തോന്നേണമേ" എന്നവൻ നിലവിളിച്ചു കൊണ്ടിരുന്നു. പലരും അവനെ തടസ്സപ്പെടുത്തുകയും ശാസിക്കുകയും ചെയ്തു. അവനെ എത്ര മാത്രം തടസ്സപ്പെടുത്തിയിട്ടും അവൻ ഉച്ചത്തിൽ സൗഖ്യത്തിനായി നിലവിളിച്ചു കൊണ്ടിരുന്നു. യേശു അവന്റെ വിശ്വാസം കണ്ടിട്ട് "പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു" (മർക്കൊ.10:52).

യേശു എന്നെ സൗഖ്യമാക്കും എന്ന ഉറച്ച വിശ്വാസം രോഗശാന്തിക്കു അനിവാര്യമത്രെ. മരിച്ച് അടക്കപ്പെട്ട ലാസറിനെ ഉയിർപ്പിച്ചപ്പോൾ "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്ന് യേശു പഠിപ്പിച്ചു (യോഹ.11:40). ചന്ദ്രരോഗം ബാധിച്ചിരുന്ന യുവാവിന് യേശു സൗഖ്യം കൊടുത്തപ്പോൾ യേശു ശിഷ്യൻമാരുടെ അല്പ വിശ്വാസത്തെ ശാസിക്കുന്നു. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും. നിങ്ങൾക്കൊന്നും അസാദ്ധ്യമാകയുമില്ല" (മത്താ.17:21). വിശ്വാസത്താൽ സകലവും സാദ്ധ്യമായി തീരുന്നു.

## III. പ്രാർത്ഥനയും രോഗശാന്തിയും (Prayer and divine healing)

മടുത്തു പോകാത്ത പ്രാർത്ഥന – തളർന്നു പോകാത്ത വിശ്വാസത്തോടു കൂടിയ പ്രാർത്ഥന സൗഖ്യത്തിന് അനിവാര്യമാണ്. "നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" എന്ന് യാക്കോബ് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നു (യാക്കൊ.5:16). വിശ്വാസത്തോടെയുള്ള പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും എന്നും അദ്ദേഹം പറയുന്നു.

മടുത്തു പോകാത്ത പ്രാർത്ഥനയെപ്പറ്റി പഠിപ്പിക്കുവാൻ യേശു ഒരു ഉപമ പറയുന്നു (ലൂക്കൊ.18:1-8). "ഒരു സാധു വിധവ ആ പട്ടണത്തിലെ ന്യായാധിപനെ ആശ്രയിച്ച്, തന്നെ രക്ഷിക്കണമെന്ന് വീണ്ടും വീണ്ടും അപേക്ഷിച്ചു കൊണ്ടിരുന്നു - അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. എന്നാൽ ന്യായാധിപൻ അത് കൂട്ടാക്കിയില്ല. വിധവ തന്നെ സഹായിക്കണമെന്ന് അദ്ദേഹത്തോട് വീണ്ടും വീണ്ടും അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ന്യായാധിപൻ ഒടുവിൽ അവളെ സഹായിച്ചു. മുട്ടിപ്പായ പ്രാർത്ഥന രോഗസൗഖ്യത്തിന് കാരണമായി തീരുന്നു.

മടുത്തു പോകാത്ത, മുട്ടിപ്പായ പ്രാർത്ഥനയുടെ മറ്റൊരു ഉദാഹരണമാണ് യബ്ബോക് കടവിൽവെച്ചുള്ള യാക്കോബിന്റെ പ്രാർത്ഥന. "നീ എന്നെ അനുഗ്രഹിച്ചാലല്ലാതെ ഞാൻ നിന്നെ വിടുകയില്ല" (ഉൽപ.32:26) എന്നവൻ പ്രാർത്ഥിച്ചു. ദൈവം അവനെ അനുഗ്രഹം കൊണ്ടു നിറച്ചു.

പ്രാർത്ഥനയാലും ഉപവാസത്താലും രോഗസൗഖ്യം ഉണ്ടാകുന്നു (മത്താ.17:21). ദൈവത്തിന് അസാദ്ധ്യമായതൊന്നും ഇല്ല. പ്രാർത്ഥനയാൽ അനുഗ്രഹങ്ങൾ നേടാം. "പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചുവെന്ന് വിശ്വസിപ്പിൻ, എന്നാൽ അതു നിങ്ങൾക്കുണ്ടാകും" (മർക്കൊ.11:24). ഇവിടെ പ്രാർത്ഥനയും വിശ്വാസവും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു: "വിശ്വാസം പ്രാർത്ഥനയെ ജ്വലിപ്പിക്കുന്ന ഇന്ധനമാണ്" എന്ന് ഒരു ഭക്തൻ പറഞ്ഞിട്ടുള്ളത് ഇവിടെ ശ്രദ്ധേയമാണ്.

അമേരിക്കയിലെ വാഷിംഗ്ടൺ സിറ്റിയിൽ ഡോക്ടർ ഡയിൽ എം മാത്യൂസ് എന്ന പ്രസിദ്ധനായ ഡോക്ടർ ഔഷധവിധിയോടൊപ്പം രോഗികൾക്കു ഉചിതമായ ബൈബിൾ വാക്യങ്ങൾ കൂടി എഴുതി കൊടുക്കുന്ന പതിവുണ്ടായിരുന്നു. പ്രാർത്ഥന ആവശ്യപ്പെടുന്നവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ആ ഡോക്ടറുടെ സാക്ഷ്യം ഇപ്രകാരമാണ്. "ഒരു ഡോക്ടർ എന്ന നിലയിൽ സൗഖ്യദൗത്യം പ്രാർത്ഥനയിൽ കൂടി ദൈവത്തിൽ സമർപ്പിക്കുന്നത് വളരെ ഫലപ്രദമാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്റെ മേശപ്പുറത്ത് ആധുനിക മെഡിക്കൽ ഗ്രന്ഥങ്ങളോടൊപ്പം ഒരു ബൈബിളും ഞാൻ സൂക്ഷിച്ചിട്ടുണ്ട്. സൗഖ്യദായകൻ ദൈവം മാത്രം". ഈ സത്യം ഇന്നത്തെ ഡോക്ടർമാരും ഡോക്ടരുടെ സഹായം തേടുന്ന രോഗികളും ശ്രദ്ധിക്കേണ്ട യാഥാർത്ഥ്യമത്രെ.

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു" (പുറ.15:26); അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു" (യെശ.53:5). ഇന്നു സഭാസംബന്ധമായ വേദികളിൽ സാധാരണയായി മുഴങ്ങി കേൾക്കുന്ന പ്രയോഗങ്ങളാണ്: The Church is a worshipping community (സഭ ആരാധിക്കുന്ന ഒരു സമൂഹമാണ്), The Church is a servant community (സഭ ഒരു പ്രേഷിത സമൂഹമാണ്), The Church is a healing community (സഭ ഒരു സൗഖ്യദായക സമൂഹമാണ്) എന്നിവ. സഭ ആത്മാവാകുന്ന ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഒരു സമൂഹമായി മാറുമ്പോൾ കഷ്ടപ്പെടുന്നവരെയും മുറിവേറ്റവരേയും വിശക്കുന്നവരെയും ശുശ്രൂഷിക്കുന്ന ഒരു സമൂഹമായി മാറുന്നു. ആരാധനയിലും ശുശ്രൂഷയിലും കൂടെ പരിശുദ്ധാത്മാവ് സഭയെ ഒരു സൗഖ്യദായക സമൂഹമാക്കി രൂപാന്തരപ്പെടുത്തുന്നു. ഈ രൂപാന്തരം സഭയിൽ കൂടെ ദൈവം നമുക്ക് ദാനം ചെയ്യട്ടെ. *

The sick and the suffering are the favoured of God. He shows them special love and attention.

*Basilea Schlink*

# അത്ഭുതവാനായ ദൈവം

പ്രമീള ബെഞ്ചമിൻ

എന്റെ പേര് പ്രമീള ബെഞ്ചമിൻ. ഞാൻ ശ്രീ. ബെഞ്ചമിൻ മോസസിന്റെ സഹധർമ്മിണിയാണ്. 1991 ഡിസംബർ 4-ാം തീയതി എന്റെ ജീവിതത്തിൽ മറക്കുവാൻ കഴിയാത്ത ഒരത്ഭുതം സംഭവിച്ചു. ഡിസംബർ 2 മുതൽ 6 വരെ പുത്തരിക്കണ്ടം മൈതാനത്തിൽ നടന്ന സുവിശേഷ മഹായോഗത്തിൽ ഞാനും എന്റെ ഭർത്താവുമായിരുന്നു ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയിരുന്നത്. 4-ാം തീയതി വൈകുന്നേരം, ബ്ലെസിംഗ് യൂത്ത് മിഷന്റെ പ്രവർത്തനങ്ങൾക്കായി ഞങ്ങൾ താമസിച്ചിരുന്ന ഒബ്സർവേറ്ററി ലെയിനിലെ ഭവനത്തിൽ വച്ച് ഗായക സംഘാംഗങ്ങൾക്കായി ചായ തയ്യാറാക്കുവാൻ ഹീറ്റർ ഓൺ ചെയ്തപ്പോൾ വൈദ്യുതാഘാതമേൽക്കുകയും മിനിട്ടുകൾക്കുള്ളിൽ ഞാൻ മരിക്കുകയും ചെയ്തു. ഷോക്കേറ്റു മരണവുമായി മല്ലടിക്കുന്ന സമയത്ത് ഞാൻ അന്യഭാഷയിൽ ദൈവത്തെ ഉച്ചത്തിൽ സ്തുതിച്ചു. അല്പം കഴിഞ്ഞ് വളരെ ഉച്ചത്തിൽ ഞാൻ ശബ്ദമുണ്ടാക്കിയതിനാൽ ഭവനത്തിലുണ്ടായിരുന്നവർ ഓടി വന്നു നോക്കുമ്പോൾ മരിച്ചു നിൽക്കുന്ന കാഴ്ചയാണ് കണ്ടത്. എന്നെ കണ്ടു എന്തു ചെയ്യണമെന്നറിയാതെ അവർ പകച്ചു പോയി. വളരെ സാധുവും ദൈവഭക്തനുമായ എഴുപത്തിരണ്ടു വയസ്സുള്ള ഒരു പിതാവ് അപ്പോൾ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം എന്റെ ഭർത്താവിനെ വളരെ സ്നേഹിച്ചിരുന്ന ഒരു വ്യക്തിയാണ് അദ്ദേഹം എന്റെ ശവശരീരത്തിൽ ജീവൻ തിരിച്ചു വരേണ്ടതിനായി പരിശുദ്ധാത്മാവിൽ നിലവിളിച്ചു പ്രാർത്ഥിച്ചു. തൽക്ഷണത്തിൽ എന്റെ ശരീരത്തിൽ ജീവൻ കടന്നു വരികയും സംസാരിക്കാൻ തുടങ്ങുകയും ചെയ്തു. ആദ്യമായി ഞാൻ കുടിക്കുവാൻ വെള്ളം ആവശ്യപ്പെട്ടു. അദ്ദേഹം ഒരു ഗ്ലാസ്സ് വെള്ളം പ്രാർത്ഥിച്ച് കുടിപ്പാൻ നൽകി. കൂടുതൽ കുടിക്കുവാൻ താല്പര്യമുണ്ടായിരുന്നെങ്കിലും തന്നില്ല. ഷോക്കേറ്റ വ്യക്തിയ്ക്ക് വെള്ളം കൊടുക്കാൻ പാടില്ല എന്ന് ആരോ പറഞ്ഞു. ഇതിനിടയ്ക്ക് ഭവനത്തിനുചുറ്റും ആളുകൾ വന്നുകൂടി. എന്റെ ഭർത്താവിന്റെ മാതൃസഹോദരൻ സാമുവേൽ നെഹെമ്യ അവർകൾ എന്നെ ഉടനെ തന്നെ ആശുപത്രിയിൽ കൊണ്ടുപോകണമെന്നു പറഞ്ഞു. എന്നാൽ എന്റെ ഭർത്താവ് അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: "വൈദ്യുതാഘാതത്തിൽ മരിച്ചുപോയ എന്റെ ഭാര്യക്ക് ജീവൻ തിരികെ നൽകിയത് യേശുക്രിസ്തുവാണ്. അതുകൊണ്ട് ഈ രാത്രിയിൽ ഞങ്ങൾ പുത്തരിക്കണ്ടം മൈതാനത്തു പോയി ഗാനങ്ങൾ പാടി ഈ അത്ഭുതം സാക്ഷിക്കും."

സംസാരിക്കുവാൻ കഴിയുമായിരുന്നുവെങ്കിലും എന്റെ ശരീരത്തിനു സ്പർശന ശേഷിയില്ലായിരുന്നു. ക്രമേണ ആ അവസ്ഥ എന്നിൽ നിന്നും മാറി. അന്നത്തെ മഹായോഗത്തിൽ ഞങ്ങൾ രണ്ടു പേരും "യാഹ് നല്ല ഇടയൻ എന്നും എന്റെ പാലകൻ" എന്ന ഗാനം പാടി. ഈ ഗാനം ഞങ്ങളുടെ വിവാഹദിനത്തിന്റെ സദ്യ നടക്കുമ്പോൾ ഞങ്ങൾ രണ്ടുപേരും പാടിയ ഗാനമാണ്. ഷോക്കേറ്റപ്പോൾ എന്റെ കൈയ്യിൽ ഉണ്ടായ മുറിവും മറ്റും നേരിൽ കാണുവാൻ പലരും എന്റെ അടുക്കൽ വന്നു.

തുടർന്നു എന്റെ ബന്ധുക്കളുടെ നിർബന്ധപ്രകാരം ചില ദിവസങ്ങൾക്കു ശേഷം ന്യൂറോളജി വിദഗ്ദ്ധയായ ഡോ. റാണി എസ്. നായറിനെ എന്നെ കാണിച്ചു. അവർ എന്റെ അനുഭവം കേൾക്കുകയും എന്നെ വിദഗ്ദ്ധമായി പരിശോധിക്കുകയും ചെയ്തു. ഇത് ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തിതന്നെ എന്നു അവർ സാക്ഷ്യപ്പെടുത്തി.

ഷോക്കേറ്റ എന്റെ വലതുകൈയ്ക്ക് ചില വർഷങ്ങൾ ബലഹീനത ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം മാറി. ശരീരത്തിനു പൊതുവേ ഒരു മെലിഞ്ഞ അവസ്ഥയുണ്ടെങ്കിലും ദൈവകൃപയാൽ ഞാൻ നല്ല ആരോഗ്യമുള്ളവളായിരിക്കുന്നു. എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന ഈ ദൈവം നിങ്ങളുടെ ജീവിതത്തിലും അത്ഭുതം പ്രവർത്തിക്കും.

# The awesome glorious name Jesus

**Dr. Florence Issac**

The most powerful, sacred, awesome, glorious and excellent name in heaven, earth and the world to come is the Name "Jesus". God the father named His son Jesus, that at the Name of Jesus every knee should bow, of things in Heaven, things in earth and the things under ther earth, and that every tongue should confess that Jesus Christ is Lord to the glory of God the Father. The name of Jesus excel above any other name ever uttered among men. If we believe on His name we become the Sons of God. In that sacred Name we approach our Father in Heaven. When you ask in the name of Jesus, your prayer is answered and God is glorified. The scripture says in John 14:13, "And whatsoever ye shall ask in my name, that will I do, that the Father may be glorified in the Son". Demons tremble and flee at the name of Jesus. The name of Jesus has healing power. Sickness flees when you mention the name of Jesus. The Name of the Lord is a strong tower and our help. His name is to us an ointment poured forth. Hurting soul, come to Jesus and let that "healing ointment" pour over you and heal you. When you get together in the name of Jesus He promises to be present.

We receive eternal life, salvation and remission of sins through the name of Jesus.

From the rising of the sun until the setting down of the same His name is to be praised. The Name should be a part of our everyday lives too, because the scripture says, "Whatsoever ye do in word or deed, do all in the Name of the Lord Jesus". Whatever you do in life, if you will do in the Name of Jesus, you will be blessed, your work will be blessed and others will be blessed too! It's all in the Name!

We as Christians should be prepared to face persecution for His Name's sake, but our reward is great in Heaven.

So, the Name of Jesus should be on our lips at all times. We are to live in the Name of Jesus. The Name of Jesus is as honey to my lips. Just as the person of Jesus is awesome so is the Name of Jesus awesome. We should have a heartfelt yearning to highly exalt Jesus, the great King of Heaven – "THE GREAT I AM"

*

There is both a faith that rebels and a faith that accepts, and they belong together. Jesus consistently attacked the power of evil...He sent forth his disciples with a commission to [heal the sick]. And yet he also told them that they must of necessity suffer, just as he would have to suffer. This paradox is at the very heart of the gospel. 'He saved others; himself he cannot save.' It belongs to the mission of the church to the end.

*Lesslie Newbigin*

ആൽബർട്ട് ലിവിംഗ്സ്റ്റൺ

# ശുദ്ധിക്കായ് നീ യേശു സമീപെ പോയോ?

## (Have you been to Jesus?)

**എലീശ ഹോഫ്മാൻ വിവ: മോശവത്സലം ശാസ്ത്രിയാർ**

Have you been to Jesus for the cleansing power? എന്നു തുടങ്ങുന്ന ഈ ഗാനം രചിക്കയും സംഗീതം നൽകുകയും ചെയ്ത റവ.എലീശ ഓൾബ്രൈറ്റ് ഹോഫ് മാൻ, പെൻസിൽവേനിയയിൽ കർത്തൃ ശുശ്രൂഷ ചെയ്ത ഒരു തീക്ഷ്ണതയുള്ള പട്ട ക്കാരനായിരുന്നു. 1839 മേയ് 7-നാണ് ഇ ദ്ദേഹം പെൻസിൽവേനിയയിലെ "ഓർവി ഗ്സ്ബർഗ്" എന്ന സ്ഥലത്ത് ജനിച്ചത്. ഔപചാരികമായി സംഗീതം അഭ്യസിച്ചി ട്ടില്ലെങ്കിലും രണ്ടായിരത്തിലേറെ സുവി ശേഷഗാനങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ പ്രചുരപ്രചാരം ലഭിച്ച ഇഷ്ട ഗാനങ്ങളിലൊന്നാണ് ഇത്. അദ്ദേഹം സ്വയം ഗാനങ്ങൾ രചിക്കുന്നതു കൂടാതെ പല ഗാനപുസ്തകങ്ങളും പ്രസാധനം ചെ യ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള ഇവാഞ്ച ലിക്കൽ സഭകളിലും പ്രസ്ബിറ്റീരിയൻ സഭകളിലും ശുശ്രൂഷ ചെയ്തിട്ടുണ്ടെങ്കി ലും അദ്ദേഹത്തിന്റെ സുവിശേഷ ഗാന ങ്ങളിൽ കൂടെ ലോകമെമ്പാടും അസം ഖ്യം പേർക്ക് ഫലപ്രദമായ ശുശ്രൂഷ നിർവഹിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കിടയിൽ പലവിധമായ രോഗങ്ങളിലും ദുരിതങ്ങ ളിലും പരീക്ഷിക്കപ്പെട്ട ഒരു വനിതയെ റവ.ഹോഫ്മാൻ അടിക്കടി സന്ദർശിച്ചി രുന്നു. അവൾ ഹൃദയഭാരത്തോടെ അദ്ദേ ഹത്തോട് ചോദിച്ചു. "സഹോദരാ ഞാൻ എന്തു ചെയ്യട്ടെ?" അദ്ദേഹം അവളോട്, "നിന്റെ സങ്കടങ്ങളും ഭാരങ്ങളും യേശുവി നോട് പറയൂ" എന്നു മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. ഈ സംഭവത്തോടു ചേർ ന്നു അദ്ദേഹം ഒരു ഗാനം രചിക്കുന്നതിനിട യായി. "സകലവും യേശുവിനോട് പറ യുക". ഇതു പോലുള്ള സന്ദർഭങ്ങൾ ഗാന ങ്ങൾ എഴുതുന്നതിനു പ്രേരകമാകുന്നു. ഈ ഗാനത്തിലെ ചോദ്യം, "Are you washed in the blood of the lamb?" എന്നാ ണ്. "കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?" ജീവിതാനുഭവങ്ങളിൽ നിന്നും ഉടലെടുത്ത ഗാനങ്ങളാണ് ഹോഫ്മാനിന്റേത്. അദ്ദേഹം കർത്താവിനായി ദീർഘകാലം ശുശ്രൂഷ ചെയ്ത് തന്റെ 90-ാം വയസ്സിൽ കർത്തൃ സന്നിധിയിലേക്ക് യാത്രയായി.

ഈ ഗാനം മലയാളത്തിലേക്ക് "ശുദ്ധി ക്കായ് നീയേശു സമീപേ പോയോ? കുളി ച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?" എന്നിങ്ങ നെ വിവർത്തനം ചെയ്തിരിക്കുന്നത് പ്രശ സ്ത ഭക്തകവി മോശവത്സലം ശാസ്ത്രി യാരാണ്. ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ എന്ന പുസ്തകത്തിൽ നൂറിലേ റെ ഗാനങ്ങൾ മോശ വത്സലം ശാസ്ത്രി യാരുടെ കൃതികളായിട്ടുണ്ട്. കൂടാതെ അൻപതോളം വിവർത്തനങ്ങളും ചേർ ത്തിരിക്കുന്നു. ആരാധനകളിൽ പാടുന്ന തിനു വേണ്ടുന്ന പാട്ടുകൾ രചിക്കാനായി അന്നത്തെ മിഷണറി ഇദ്ദേഹത്തെ ചുമ തലപ്പെടുത്തിയിരുന്നതായി ചരിത്രത്തിൽ കാണുന്നു. കർണാട്ടിക് രാഗത്തിലുള്ള കീർത്തനങ്ങൾ സാധാരണ ജനങ്ങൾക്ക് പാടത്തക്കവണ്ണം രേഖപ്പെടുത്തിയിരിക്കു ന്നത് ശാസ്ത്രിയാരുടെ ഒരു പ്രത്യേകതയാ യിരുന്നു. എല്ലാ വിഭാഗത്തിലും - സ്തുതി, പാപം ഏറ്റു പറച്ചിൽ, പ്രതിഷ്ഠ, പ്രാർത്ഥന തുടങ്ങിയവയിലും, ക്രിസ്തുജനനം, കഷ്ടാനുഭവം, ക്രൂശീകരണം, ഉയിർപ്പ് തുടങ്ങി എല്ലാ അവസരങ്ങളിലേക്കുള്ള തും അദ്ദേഹത്തിന്റേതായി കാണാം. ഭക്തി സംഗീതം മാത്രമായിരുന്നു മോശവത്സല ത്തിന്റെ സഹചാരി. 1916 ഫെബ്രുവരി 20 ഞായറാഴ്ച അദ്ദേഹം രചിച്ച ഗാനങ്ങൾ പാടി സഭാ ജനങ്ങൾ വിശുദ്ധാരാധനയിൽ പങ്കു കൊണ്ടിരുന്ന സമയത്തിൽ അദ്ദേഹം കർ ത്തൃസന്നിധിയിലേക്ക് കടന്നു പോയി.

"ഞാൻ പൂർണ്ണ ഹൃദയത്തോടെ നിനക്കു സ്തോത്രം ചെയ്യും ദേവൻമാരുടെ മുൻപാകെ ഞാൻ നിന്നെ കീർത്തിക്കും" സങ്കീ 138

*

# പരീക്ഷക്കാലം: രക്ഷിതാക്കൾക്ക് എന്തു ചെയ്യാം?

**കുട്ടികളുടെ പരീക്ഷക്കാലത്ത് തങ്ങൾക്കു ഫലപ്രദമായി എന്തു ചെയ്യാം, എന്തു ചെയ്യാതിരിക്കാം എന്നതിനു രക്ഷിതാക്കൾക്ക് ഒരു മാർഗ്ഗ രേഖ**

1. പരീക്ഷ ജീവന്മരണ സമരമാണെന്ന മട്ടിൽ സംസാരിച്ച് കുട്ടികളിൽ അനാവശ്യമായി പിരിമുറുക്കം (ടെൻഷൻ) സൃഷ്ടിക്കാതിരിക്കുക.
2. അതിരു കടന്ന ആകാംഷയോ ഉൽക്കണ്ഠയോ രക്ഷിതാവിന് തീരെ ആവശ്യമില്ല. അഥവാ ഉണ്ടെങ്കിൽ അത് മനസ്സിലൊതുക്കുക.
3. അദ്ധ്യാപകരോ സഹപാഠികളോ അതിരുകടന്ന പിരിമുറുക്കം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതിന് അയവു വരുത്തുക.
4. പഠനത്തിനു പ്രായോഗികമായ ടൈംടേബിൾ ഉണ്ടാക്കാനും അതുപാലിക്കാനും അവരെ സഹായിക്കുക.
5. കുട്ടി പഠിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി ഉച്ചത്തിൽ വായിക്കാൻ അവരെ നിർബന്ധിക്കാതിരിക്കുക.
6. മന:പാഠമാക്കേണ്ട വരികളും മറ്റും വേണ്ടവിധം പഠിച്ചെന്ന് ഉറപ്പുവരുത്താൻ അവർക്ക് തുണ നൽകുക.
7. എല്ലാ പാഠങ്ങളും കുട്ടിയോടൊപ്പമിരുന്നു പഠിച്ച്, ചോദ്യങ്ങൾ ചോദിച്ചു ശ്വാസം മുട്ടിക്കുന്ന ശൈലി വേണ്ട. കുട്ടികൾ സ്വതന്ത്രമായി പഠിക്കട്ടെ. സഹായം ചോദിച്ചാൽ കഴിയുന്നതെല്ലാം ഉടൻ ചെയ്തു കൊടുക്കുക.
8. കുട്ടികളിൽ നിന്ന് അതിരു കടന്ന് പ്രതീക്ഷിക്കുകയും അവരുടെ പ്രകടനത്തിലെ മികവ് കുടുംബത്തിന്റെ അഭിമാനപ്രശ്നമാണെന്ന് മട്ടിൽ പെരുമാറുകയും ചെയ്യാതിരിക്കുക.
9. പുസ്തകം കരണ്ടു തിന്നുന്നതിനിടയിൽ എല്ലാം മറക്കുന്ന കുട്ടിയുടെ ഭക്ഷണം, ഉറക്കം എന്നിവയിൽ വിശേഷ ശ്രദ്ധ പുലർത്തുക.
10. കുട്ടിക്ക് രോഗങ്ങൾ വരാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുക.
11. അപകടസാദ്ധ്യതയുള്ള കളികൾ, കത്തിയുടെയും മറ്റും ഉപയോഗം എന്നിവ കഴിവതും നിരുത്സാഹപ്പെടുത്തുക.

12. സിനിമ, ടെലിവിഷൻ എന്നിവ കാണുന്നതിൽ രക്ഷിതാക്കളും നിയന്ത്രണം പാലിക്കുക.

13. പരീക്ഷ കഴിഞ്ഞെത്തുന്ന കുട്ടിയുടെ ചോദ്യക്കടലാസു വച്ച് പോസ്റ്റ് മോർട്ടം നടത്തി, ഹെഡ് കോൺസ്റ്റബിൾ ശൈലിയിൽ ചോദ്യം ചെയ്തു പിരിമുറുക്കം സൃഷ്ടിക്കുന്നതിനു പകരം അടുത്ത പരീക്ഷയ്ക്കു തയ്യാറെടുക്കാൻ പ്രോത്സാഹനം നൽകുക.

14. പരീക്ഷയെഴുതുമ്പോൾ ചെറിയ തെറ്റുകൾ ആർക്കും വരാം. വന്നു പോയ തെറ്റ് തിരുത്താൻ കഴിയില്ലല്ലോ. കുട്ടിക്ക് എന്തെങ്കിലും തെറ്റു വന്നു പോയാൽ അത് ആവർത്തിച്ചു പറഞ്ഞും പഴിച്ചും കുട്ടിയെ വിഷമിപ്പിക്കുന്നതിനു പകരം, സമാധാനത്തിന്റെ ഭാഷയിൽ സംസാരിക്കുകയും വന്നു പോയ തെറ്റ് ആവർത്തിക്കാതിരുന്നാൽ മതിയെന്നു സൂചിപ്പിക്കുകയും ചെയ്യുക.

15. പരീക്ഷ എങ്ങനെ എഴുതിയെന്ന് അനുഭാവപൂർവ്വം ചോദിച്ച്, കുട്ടിയുടെ പ്രകടനത്തിൽ നമുക്കുള്ള താൽപ്പര്യം വെളിവാക്കുക. ഉന്മേഷം ഉളവാക്കുന്ന രണ്ടു വാക്ക് പറയുക. അടുത്ത ദിവസത്തെ പരീക്ഷയ്ക്കു ഭംഗിയായി തയ്യാറെടുക്കാൻ സഹായിക്കുക. തന്റെ ജീവിതത്തിലെ നിർണ്ണായക കൃത്യം ചെയ്തു കഴിഞ്ഞു വരികയാണെന്നു കരുതുന്ന കുട്ടിയുടെ പരീക്ഷയിലെ പ്രകടനത്തെപ്പറ്റി ഒന്നും ചോദിക്കാതെ തികഞ്ഞ നിസ്സംഗത പാലിക്കരുത്.

16. "മറ്റ് ഏതു കുട്ടിക്കുമുള്ള കഴിവുകളെല്ലാം നിനക്കുമുണ്ട്; നിനക്ക് ഒരു പരിഭ്രമവും വേണ്ട" എന്ന മട്ടിൽ സ്നേഹപൂർവ്വം പറഞ്ഞു ബോധ്യപ്പെടുത്തുക.

17. ഉന്മേഷം, പ്രസന്നത, വിജയം എന്നിവയിൽ ഊന്നി മാത്രം സംസാരിക്കുക.

18. നിഷേധചിന്തകൾ തീർത്തും ഒഴിവാക്കുക.

19. എല്ലാ സന്ദർഭങ്ങളിലും കുട്ടികൾക്ക് ആത്മവിശ്വാസം നൽകുക.

**(കടപ്പാട്: ബി.എസ്സ്.വാരിയർ, മലയാള മനോരമ, 22-02-2009)**

Life's challenges are designed not to break us, but to bend us toward God.

# M.M CHURCH SENIOR CITIZENS' FELLOWSHIP

**"Heavenly door of eternal hope"**

The Senior Citizen's Fellowship, a vital arm of our church for the wholesome welfare of the aged provides a unique forum for those who have reached the eventide of their lives to gather together, share love, extend fellowship to those in want, to gain glorious divine security and Praise God profusely for all blessings received in their lives.

Seasoned stalwarts who have excellently served in several Government / non / Government sectors, now having crossed 55 years of age are mostly restricted within the four walls of their own homes, considerably experiencing loneliness, and lack of attention. Co-ordinating all such people and aiming at encouraging and supporting them under the patronage of the church, Senior Citizens' Fellowship was instituted and inaugurated by Bishop Most Rev.Dr.J.W.Gladstone on 1-3-2003.

The regular weekly meeting held at 4 pm on all Thursdays are led by our revered pastors Rev.Dr.L.E.Sahanam, Rev.J.Walsalam and Rev.K.Issac Paul Singh.

The following persons were elected unanimously as office bearers for the year 2010.

| | |
|---|---|
| Mrs. E.J.Vijayamma | Vice President |
| Mr. Y.Christudas | General Secretary |
| Mrs. E.H.Helen Saramma | Joint Secretary |
| Mr. E.Madan Dev | Treasurer |
| Mr. T.Jayakumar Alfred | Programme Co-ordinator |
| Mr. Victor E. Joseph | Internal Auditor |
| Dr. E.Johnson | Executive Committee Member |
| Mrs. Freeda Christopher | -do- |
| Mrs. V. Grace Ammal | -do- |
| Mrs. Emily Denora | -do- |
| Er. J. Robinson (Parottukonam) | -do- |
| Mrs. Premaja S. Frederic | -do- |

All the Church members aged 55 years and above are cordially invited to attend the meeting and receive all blessings in their life.

Mr. Martin Thomas, Managing Director of Favourite Constructions Private Limited extended financial support to publish a directory cum hand book containing all salient details of SCF family members.

I wish and pray that this directory would help the members of the SCF to be in touch with each other, to uphold one another in prayer and to experience the love and guidance of the Almighty. May the SCF be a refuge and strength to all the elderly, helping them to make life more meaningful and resourceful. May God use the SCF as a shining beacon of the M.M.Church.

LMS Compound
15-01-2010

**Y.CHRISTU DAS**
General Secretary, SCF

ബാലപംക്തി

# കല്ലൂർ കൊട്ടാരം

(ഭാഗം - 10)

പ്രകാശ് സത്യൻ

**ഒരു പര്യടനം**

കുട്ടികൾ രാവിലെ എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങിയപ്പോൾ കിണറ്റിൽ ഇറങ്ങാൻ തയ്യാറെടുക്കുന്ന സൂക്ഷിപ്പുകാരനെയാണ് കണ്ടത്. അയാൾ തേങ്ങാ വെട്ടുകാരനെപ്പോലെ മുണ്ട് തറ്റുടുക്കുകയായിരുന്നു. അടുത്തു തന്നെ ചുരുട്ടിവച്ച വലിയ വടവും കിടക്കുന്നുണ്ട്.

അയാൾ തിരിഞ്ഞു നോക്കാതെ തന്നെ കുട്ടികളോടായി പറഞ്ഞു:- "കുഞ്ഞുങ്ങളെ, ഞാൻ ഇപ്പോ ഇറങ്ങി അവനെ എടുത്തു തരാം."

ടൈഗറിന്റെ മുരളൽ കേട്ട് അയാൾ ഞെട്ടിത്തിരിഞ്ഞു നോക്കി. ഭൂതത്തിനെ കണ്ടവനെപ്പോലെ അയാൾ മിഴിച്ചു നിന്നു. സംശയം, ഭീതി, വെറുപ്പ്, കോപം-എല്ലാം അയാളുടെ മുഖത്ത് നിഴലിച്ചു. അവസാനം വളരെ പണിപ്പെട്ട് അയാൾ ചോദിച്ചു:-

"ടൈഗർ എങ്ങനെ പുറത്ത് വന്നു?"

ബീനയാണ് അയാൾക്ക് മറുപടി നൽകിയത്. "ഇന്നലെ രാത്രി ടൈഗർ ഞങ്ങളുടെ മുറിയുടെ അടിയിൽ വന്നു നിന്നു കുരച്ചു. ഞങ്ങൾ നോക്കിയപ്പോൾ തറയിൽ ഒരു രഹസ്യവാതിൽ കണ്ടു. അതു തുറന്ന് ഞങ്ങൾ അവനെ രക്ഷപ്പെടു ത്തി."

അയാൾ അതിശയം ഭാവിച്ചു. "ഒരു രഹസ്യ വാതിലോ? നിങ്ങളുടെ മുറിയിലോ? ഞാൻ ഇതു വരെ കണ്ടിട്ടില്ലല്ലോ! കുഞ്ഞ് അത് എനിക്ക് കാണിച്ചു തരാമോ?"

അയാൾ നടന്നു. പുറകെ മനസ്സില്ലാ മനസ്സോടെ കുട്ടികളും.

മുറിയിൽ എത്തി, കയറ്റുപായ് മാറ്റി, ഇരുമ്പുവളയം ഘടിപ്പിച്ച കല്ല് കുട്ടികൾ അയാൾക്ക് കാണിച്ചു കൊടുത്തു. അയാൾ അത് നിഷ്പ്രയാസം പൊക്കിമാറ്റി. ഇടുളടഞ്ഞ ആ കുഴിയിലേയ്ക്ക് അയാൾ മിഴിച്ചു നോക്കി.

മറ്റ് കുട്ടികൾക്ക് അവളെ തടയാൻ കഴിയുന്നതിനു മുൻപ് ബീന ചോദിച്ചു:- "സൂക്ഷിപ്പുകാരാ, നമുക്ക് ഈ രഹസ്യ വഴിയൊക്കെ ഒന്നു പോയി പരിശോധിക്കാമോ?"

"അയ്യോ, കുഞ്ഞേ ഈ രഹസ്യവഴിയൊക്കെ എവിടേക്കായിരിക്കും എന്നറിയാമോ? കൊട്ടാരത്തിന്റെ അടിയിലുള്ള വലിയ ഗുഹകളിലേയ്ക്ക്. പണ്ടൊക്കെ തടവുകാരേം കള്ളന്മാരേം ഒക്കെ ഈ ഗുഹകളിലിട്ട് അടച്ച് പട്ടിണിക്കിട്ട് കൊല്ലും. അവരുടെ തലയോട്ടിയും എല്ലുകളും ഒക്കെ അവിടെത്തന്നെ കിടക്കും. അതുകൊണ്ട് കുഞ്ഞുങ്ങൾ ഇതിലൂടെ ഒന്നും ഇറങ്ങി നോക്കരുത് കേട്ടോ?"

ബീന വല്ലാതെ ഭയന്നു പോയി. മറ്റു കുട്ടികളുടെ മനസ്സിലും ഭയത്തിന്റെ നിഴൽ വീശാതിരുന്നില്ല. പക്ഷെ അവരുടെ ബുദ്ധി ഉപദേശിച്ചു, അയാൾ പറയുന്നത് പച്ചക്കള്ളമാണെന്ന്. ഏതായാലും മോഹനെ കണ്ട് സംസാരിക്കാം എന്ന് അവർ തീരുമാനിച്ചു.

അങ്ങനെ കാപ്പി കുടിച്ച ശേഷം അവർ മോഹന്റെ വീട്ടിലേയ്ക്ക് നടന്നു.

മോഹന്റെ അമ്മ വാതിൽക്കൽത്തന്നെ നിൽപ്പുണ്ടായിരുന്നു.

"അല്ല, ഇതാരൊക്കെയാ? വരൂ, അകത്തു വരൂ."

"മോഹനില്ലേ?" രാജൻ തിരക്കി.

"ഇല്ല. അവൻ കോഴിക്കോട്ടു പോയിരിക്കുകയാണ്. മോഹന്റെ അച്ഛന് ഡയബെറ്റിസ് ആണ്. ദിവസവും ഇൻസുലിൻ ഇഞ്ചെക്ഷൻ എടുക്കണം. മരുന്ന് തീർന്നു പോയി. ഇന്നലെ അദ്ദേഹം കോഴിക്കോട്ട് പോയിരുന്നപ്പോൾ വാങ്ങാൻ മറന്നു. അതാ മോഹന് പോകേണ്ടി വന്നത്."

"മോഹൻ ഇനി എപ്പോൾ വരും?"

"മിക്കവാറും ഉച്ചയ്ക്കു തന്നെ വരും. വന്നാലുടൻ അങ്ങോട്ടു വരും എന്ന് നിങ്ങളോട് പറഞ്ഞേയ്ക്കാൻ അവൻ പറഞ്ഞിരുന്നു."

"എന്നാൽ ശരി, ഞങ്ങൾ ഇറങ്ങട്ടെ?"

"ഇരിക്കുന്നില്ലേ?"

"ഇല്ല.  ഞങ്ങൾ പിന്നീട് വരാം."

നിരാശയോടെ കൊട്ടാരത്തിലേയ്ക്ക് തിരിഞ്ഞു നടക്കുന്ന കുട്ടികളുടെ മനസ്സിൽ ഒരു വലിയ സംഘട്ടനം തന്നെ നടക്കുന്നുണ്ടായിരുന്നു. രഹസ്യവഴി പരിശോധിക്കാൻ മോഹൻ വന്നശേഷം പോയാൽ മതിയോ, അതിനു മുൻപ് തന്നെ പോകണോ എന്നതായിരുന്നു പ്രശ്നം.

അവസാനം മോഹനെ കൂടാതെ പോകാൻ തന്നെ അവർ തീരുമാനിച്ചു. മോഹൻ വന്ന ശേഷം മോഹനോടൊത്തു വീണ്ടും പോകാമല്ലോ.

സൂക്ഷിപ്പുകാരന്റെ കണ്ണിൽപ്പെടാതെ മുറിയിലെത്തുന്നതായി അടുത്ത പ്രശ്നം. കൊട്ടാരത്തിന്റെ പുറംഗേറ്റിൽ എത്തി. അവർ കൊട്ടാരം പരിസരങ്ങളാകെ ഒന്നു കണ്ണോടിച്ചു. പുറത്തെങ്ങും അയാളുടെ പൊടി പോലും കാണാനില്ല.

കുട്ടികൾ ഒച്ച വയ്ക്കാതെ കൊട്ടാരത്തിന്റെ അകം വാതിലിലേയ്ക്ക് നടന്നു. ഇടയ്ക്ക് വെച്ച് ടൈഗർ കുരച്ച്കളയാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

അവരുടെ മുറിയിൽ എത്തി കതകടച്ച് കുറ്റിയിട്ടപ്പോൾ മാത്രമാണ് കുട്ടികൾക്ക് ആശ്വാസമായത്. കയറ്റുപായ് മാറ്റി. അവർ ആദ്യത്തെ പ്രാവശ്യം ചെയ്തതു പോലെ പുതപ്പിന്റെ സഹായത്തോടു കൂടി ആ രഹസ്യകവാടം തുറന്നു.

അതിന്റെ പിളർന്ന വായ് കണ്ടപ്പോൾ ബീനയ്ക്ക് സൂക്ഷിപ്പുകാരൻ പറഞ്ഞതൊക്കെ ഓർമ്മ വന്നു.  അവൾ ഭയം കലർന്ന സ്വരത്തിൽ ചോദിച്ചു: "അയാൾ പറഞ്ഞതൊക്കെ  ശരിയാണെങ്കിലോ?"

രാജൻ അവളെ സമാധാനിപ്പിച്ചു. "ഛേ, അയാൾ കള്ളം പറഞ്ഞതാ ബീനേ. പിന്നെ ബീനയുടെ കൂടെ ഞങ്ങളൊക്കെ ഇല്ലേ? പോരെങ്കിൽ ടൈഗറുമുണ്ട്.  പിന്നെന്തിനാ പേടി?"

അതു കേട്ടപ്പോൾ അവൾക്ക് ആശ്വാസമായി. കുട്ടികൾ ടോർച്ചുകളും മറ്റും എടുത്തുകൊണ്ട് ഓരോരുത്തരായി രഹസ്യവഴിയുടെ പടികൾ ഇറങ്ങിത്തുടങ്ങി. മുമ്പിൽ ടൈഗർ, പിന്നെ രാജൻ, തൊ ട്ടു പിറകിൽ ബീന. പിന്നെ ഗീത.  അവസാനം രവി.

എല്ലാ ദിക്കുകളിലേയ്ക്കും ടോർച്ചടിച്ചു കൊണ്ട് അവർ പടികൾ ഓരോന്നായി ഇറങ്ങി. സർവ്വത്ര ചിലന്തിവലയും പൊടിയുമാണ്. ഈ വഴിയിലൂടെ ഒരു മനുഷ്യജീവി സഞ്ചരിച്ചിട്ട് വർഷങ്ങളായി എന്ന് സ്പഷ്ടം.

ആദ്യത്തെ പടിക്കെട്ടിറങ്ങിയപ്പോൾ അൽപ്പദൂരം സമനിരപ്പായ ഒരു ഇടനാഴി. അതു കഴിഞ്ഞപ്പോൾ വീണ്ടും കീഴ്പ്പോട്ടിറങ്ങുന്ന മറ്റൊരു പടിക്കെട്ട്.  രഹസ്യവഴി ചിലസ്ഥലങ്ങളിൽ പാറയിലൂടെ തുരന്നു പോയിരിക്കുന്നു.  മറ്റിടങ്ങളിലാകട്ടെ കരിങ്കല്ലും സിമന്റും കൊണ്ട് കെട്ടിയിരിക്കുന്നു.  എല്ലായിടങ്ങളിലും ആറടിയിൽ കൂടുതൽ പൊക്കം ഉണ്ട്.

അങ്ങനെ കുറച്ച് നേരം സഞ്ചരിച്ച് ഒരു പടിക്കെട്ടിന്റെ തലയ്ക്കൽ കുട്ടികൾ നിന്നു.  അതിന്റെ താഴെയറ്റത്ത് ഒരു തുറന്ന വാതിൽ. അതിലൂടെ വെളിച്ചം അകത്തേയ്ക്കു വരുന്നു.  താഴെ ഒരു മണൽത്തട്ടും കാണാം.

കുട്ടികൾക്ക് പെട്ടെന്നു കാര്യം മനസ്സിലായി. ആ കാണുന്നത് കിണറിന്റെ അടിത്തട്ടാണ്!

അവർ പടികൾ ഓടിയിറങ്ങി. മുയലിന്റെ മാളങ്ങളും ടൈഗറിന്റെ കാലടയാളങ്ങളും ഒക്കെ അവർ കണ്ടു. അവർ മുകളിലേയ്ക്ക് നോക്കി.  കൊട്ടാരത്തിന്റെ നിരപ്പിൽ നിന്നും എത്ര താഴെയാണ് അവർ നിൽക്കുന്നത് എന്ന് അപ്പോഴേ അവർക്ക് മനസ്സിലായുള്ളൂ.

കുട്ടികൾ ചുറ്റും നോക്കി.  കിണറിന്റെ സിമന്റ് ഭിത്തിയിൽ നാലു വശങ്ങളിലായി ഒരേ പോലെയുള്ള നാലു വാതിലുകൾ. തങ്ങൾ ഏതിലെയാണ് വന്നതെന്നു പോലും അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷെ ഭാഗ്യത്തിന് രാജൻ കിണറ്റിലേയ്ക്ക് ഇറങ്ങുന്നതിന് മുമ്പ് ഇടനാഴിയുടെ ഭിത്തിയിൽ "കൊട്ടാരത്തിലേയ്ക്ക് പോകുന്ന വഴി" എന്ന് ചോക്ക് കൊണ്ട് എഴുതിയിരുന്നു. അങ്ങനെ കുറെ അലച്ചിലിൽ നിന്നും അവർ രക്ഷപ്പെട്ടു.

ഇനി ഏതു വഴി പരിശോധിക്കണമെന്ന് കുട്ടികൾ കൂടിയാലോചിച്ചു. അവ

സാനം കൊട്ടാരത്തിൽ നിന്നും വന്ന വഴിയുടെ തൊട്ടിടത്തുവശത്തുള്ള വഴി തന്നെ ആകട്ടെ എന്ന് തീരുമാനിച്ചു.

പക്ഷെ തങ്ങൾ മുമ്പ് സഞ്ചരിച്ച വഴിയിൽ നിന്നും അതിനൊരു വ്യത്യാസം. പൊടിയും ചിലന്തിവലയും തീരെ ഇല്ല.

അൽപ്പസമയത്തിനുള്ളിൽ അവർ മറ്റൊരു പ്രത്യേകതയും കണ്ടു പിടിച്ചു. കൊട്ടാരത്തിൽ നിന്നുള്ള വഴിയിൽ എല്ലാം കീഴ്പോട്ടിറങ്ങുന്ന പടിക്കെട്ടുകളായിരുന്നു. എന്നാൽ ആദ്യത്തെ രണ്ടു മൂന്ന് മുകളിലേയ്ക്ക് പോകുന്ന പടിക്കെട്ടുകൾക്ക് ശേഷം ബാക്കിയെല്ലാം കീഴ്പോട്ടിറങ്ങുന്നവയാണ്.

അവർ ആകാംഷയോടെ മുന്നോട്ട് നടന്നു. ഓരോ അടി പോകുന്തോറും കടലിന്റെ ഗർജ്ജനം കൂടി കൂടി വന്നു. അങ്ങനെ അധികദൂരം ചെല്ലുന്നതിനു മുമ്പു തന്നെ അവർ തലേന്നാൾ കണ്ട ഗുഹയിലേയ്ക്ക് ആണ് പോകുന്നത് എന്ന് കുട്ടികൾക്ക് മനസ്സിലായി.

ഗുഹയെത്തിയപ്പോൾ അവർക്ക് എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി. ഒപ്പം മോഹൻ കൂടെ ഇല്ലല്ലോ എന്ന ദു:ഖവും.

ഗുവ അവർ വിചാരിച്ചിരുന്നതിനേക്കാളും വളരെ വലുതായിരുന്നു. തറയിലാകെ വെള്ള മണലാണ്. കടൽ ക്ഷോഭം ഉള്ളപ്പോൾ വൻ തിരകൾ കൊണ്ടിട്ടതാവും.

ഗുഹയുടെ തറ മൂന്നുനാലടി കടലിലേയ്ക്ക് ഉന്തി നിൽക്കുന്നതും അവർ ശ്രദ്ധിക്കാതിരുന്നില്ല. വേലിയേറ്റ സമയത്ത് അതു ഒരു നല്ല ബോട്ടുജട്ടിയായി പ്രവർത്തിക്കും എന്ന് അവർക്ക് ബോദ്ധ്യമായി.

"നമുക്കിനി തിരിച്ചു പോകാം?" രാജൻ ചോദിച്ചു. "മണി പതിനൊന്നരയായി. നമുക്ക് ഒരു വഴിയും കൂടെ പരിശോധിച്ചിട്ട് കൊട്ടാരത്തിലേയ്ക്ക് പോകാം. മറ്റെവഴി ഊണു കഴിഞ്ഞിട്ട് വന്നു നോക്കാം. എന്താ?"

രാജൻ പറയുന്നതിൽ കാര്യമുണ്ടെന്ന് മറ്റു കുട്ടികൾക്ക് തോന്നി. അങ്ങനെ അവർ മടക്കയാത്ര തുടങ്ങി. (തുടരും)

# പ്രതിവാര ധ്യാനം

## ഫെബ്രുവരി 2010

**ഫെബ്രുവരി 7, 2010 ഒന്നാം ഞായർ**

**വിഷയം: ഉത്തരവാദിത്വത്തോടെയുള്ള സ്വാതന്ത്ര്യം**

പുറ.20:1-17, സങ്കീ.33:1-12, ഗലാ.5:1-6, ലൂക്കോ.4:16-30

**ഫെബ്രുവരി 14, 2010 രണ്ടാം ഞായർ**

**വിഷയം: സൗഖ്യദായക ഞായർ**

2 രാജാ.5:1-14, സങ്കീ. 6, 1 തീമോ.1:12-17, മർക്കോ.7:31-37

**ഫെബ്രുവരി 21, 2010 മൂന്നാം ഞായർ**

**വിഷയം: ഭൗതീകതയും ആത്മീയതയും**

1 രാജാ.21:1-16, 1 യോഹ.2:15-17, സങ്കീ.49:1-20, മർക്കോ.1:40-45

**ഫെബ്രുവരി 28, 2010 നാലാം ഞായർ**

**വിഷയം: പരസ്പര വിശ്വാസത്തിലും ബഹുമാനത്തിലും അധിഷ്ഠിതമായ മനുഷ്യബന്ധങ്ങൾ**

1 ശമു.18:1-4, 17-29, ഫിലെ.8:1-6, സങ്കീ.55:4-22, മത്താ.5:43-48

മനോജ് കുമാർ എബനീസർ

# ഐഡാ സ്കഡർ (1870–1960)

1891–ലെ ഒരു രാത്രിവേളയിൽ പോണ്ടിച്ചേരിക്കടുത്ത് തിണ്ടിവനത്തുള്ള മിഷൻ ബംഗ്ലാവിൽ 22-നടുപ്പിച്ച് വയസ്സുള്ള ഒരു അമേരിക്കൻ പെൺകുട്ടി വായനയിൽ മുഴുകി ഇരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു ബ്രാഹ്മണ യുവാവ് വന്ന് പ്രസവവേദനയിൽ ഇരിക്കുന്ന തന്റെ ഭാര്യയെ സഹായിക്കാൻ വരുമോ എന്ന് വിളിച്ചു (ആധുനിക വൈദ്യശാസ്ത്രം ഇന്ത്യയിൽ എത്തിത്തുടങ്ങിയ സമയം. എന്നാൽ പാരമ്പര്യമായി പ്രസവമെടുക്കുന്ന സ്ത്രീകൾക്ക് തന്റെ 14 വയസ്സുകാരിയായ ഭാര്യയെ രക്ഷിക്കാൻ കൂടുതൽ ചെയ്യാനില്ല എന്ന് കണ്ടപ്പോൾ വിദേശി വനിത മിഷൻ ബംഗ്ലാവിലുണ്ട് എന്നറിഞ്ഞ് ഓടി വന്നതാണ്). വൈദ്യശാസ്ത്ര പരിശീലനം നേടിയിട്ടില്ലാത്ത തന്റെ നിസ്സഹായാവസ്ഥ പെൺകുട്ടി അറിയിച്ചു. മെഡിക്കൽ മിഷണറിയായ തന്റെ പിതാവിനെ വിളിക്കാമെന്ന് അവൾ പറഞ്ഞു. “ഒരിക്കലുമില്ല!” ബ്രാഹ്മണ യുവാവ് പ്രതിവചിച്ചു. “പരപുരുഷന്റെ സാമീപ്യം ഉണ്ടാകുന്നതിനേക്കാൾ അവൾ മരിക്കുന്നതാണ് നല്ലത്!” അയാൾ തിരിച്ചു പോയി. അൽപ്പ സമയം കഴിഞ്ഞ് ഒരു മുസ്ലീം ഇതേ അവസ്ഥയുമായി വന്നു. ഇതേ രംഗം ആവർത്തിക്കപ്പെട്ടു. മൂന്നാമത് വന്നത് ഒരു മുതലിയാരായിരുന്നു. അയാളുടെ മകൾ മിഷൻ സ്കൂളിൽ പഠിക്കുന്നുണ്ടായിരുന്നെങ്കിലും തന്റെ ഭാര്യയുടെ പ്രസവമെടുക്കാൻ മിഷണറി ഡോക്ടർ വരാൻ സമ്മതിച്ചില്ല. ഒന്നിനു പിറകിൽ ഒന്നായി വന്ന ഈ മൂന്നു പേരുടേയും ഭാര്യമാർ തന്നേക്കാൾ അഞ്ചാറ് വയസ്സ് കുറഞ്ഞ പെൺകുട്ടികൾ മാത്രമാണല്ലോ എന്നോർത്ത് മിഷണറിയുടെ മകളുടെ മനസ്സ് വ്യസനിച്ചു. ഏറെ നേരത്തെ ആത്മസംഘർഷത്തിനു ശേഷം പ്രാർത്ഥിച്ച് ഉറങ്ങാൻ കിടന്നു. പ്രഭാതമുണർന്നപ്പോൾ കേട്ട വാർത്ത ആ മൂന്ന് പെൺകുട്ടികളും പ്രസവത്തിൽ മരിച്ചു എന്നാണ് – “because there was no woman to help them.” പിന്നീട്



അവൾ എഴുതി: “All that time it seemed that He was calling me into this work”.

ആ പെൺകുട്ടിയുടെ പേരാണ് ഐഡാ സോഫിയാ സ്കഡർ. 1819–ൽ അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ വിദേശ മെഡിക്കൽ മിഷണറിയായി സിലോണിൽ ചെന്ന ഡോ. ജോൺ സ്കഡറിന്റെ ചെറുമകൾ. എൽ.എം.എസിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 1810–ൽ അമേരിക്കയിലെ കോൺഗ്രിഗേഷണൽ സഭക്കാർ സ്ഥാപിച്ച American Board of Commissioners for Foreign Missions-ന്റെ മിഷണറിയായിരുന്നു ജോൺ സ്കഡർ. പിൽക്കാലത്ത് 1836 മുതൽ സ്വന്തം സഭയായ Dutch Reformed Church–ലെ (ഇന്നത്തെ Reformed Church in America) മിഷണറിയായി മദ്രാസിലും ജോൺ സ്കഡർ സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ ഇളയ മകനായ ഡോ.ജോൺ സ്കഡർ (ജൂനിയർ) ആയിരുന്നു ഐഡയുടെ പിതാവ്. മൂത്ത മകൻ ഹെൻറി

സ്കഡർ 1850-ൽ സ്ഥാപിച്ച ആർക്കോട്ട് മിഷന്റെ ഒരു മിഷൻ കേന്ദ്രമായിരുന്നു തിണ്ടിവനം. (1908-ൽ SIUC രൂപീകരിച്ചപ്പോൾ LMS-ന്റെ തിരുവിതാംകൂർ, മധുര, ജാഫ്ന മിഷനുകൾക്കൊപ്പം Dutch Reformed Church-ന്റെ ആർക്കോട്ട് മിഷനും Church of Scotland-ന്റെ മദ്രാസ് മിഷനും SIUC-യുടെ ഭാഗമായി).

**ചെറുപ്പകാലം**

കുട്ടിക്കാലം മാതാപിതാക്കൾക്കൊപ്പം ഇന്ത്യയിൽ ചെലവഴിച്ച ഐഡാ ആ ഓർമ്മകൾ ഒഴിവാക്കാനാണ് ആഗ്രഹിച്ചത്. പ്രത്യേകിച്ചും 1875-ലെ വൻ ക്ഷാമത്തിൽ ദക്ഷിണേന്ത്യയിൽ ദശലക്ഷങ്ങൾ മരിക്കുമ്പോൾ കുഞ്ഞ് ഐഡ മിഷന്റെ സഹായപ്രവർത്തനങ്ങൾ നേരിട്ട് കണ്ടതാണ് (52½ ലക്ഷം പേർ ക്ഷാമത്തിൽ മരിച്ചതായാണ് കണക്കാക്കുന്നത്). 12-ാം വയസ്സ് മുതൽ ബന്ധുക്കളോടൊത്ത് താമസിച്ച് D.L.Moody-യുടെ താൽപ്പര്യപ്രകാരം മാസച്യുസെറ്റ്സിലെ North Field-ലുള്ള ഒരു പെൺകുട്ടികളുടെ സെമിനാരിയിൽ നിന്ന് വൈദിക വിദ്യാഭ്യാസം നേടി. സ്കഡർ കുടുംബം ഒരു മിഷണറി കുടുംബമായതിനാൽ ഐഡയും ഇന്ത്യയിൽ മെഡിക്കൽ മിഷണറിയാകുമെന്ന് എല്ലാവരും പ്രതീക്ഷിച്ചെങ്കിലും അവളുടെ കൂട്ടുകാരോട് അത് ഒരു കാരണവശാലുമുണ്ടാകില്ലെന്ന് അവൾ തീർത്ത് പറഞ്ഞിരുന്നതാണ്. ഐഡാ ഒരു കുസൃതിക്കാരിയായിരുന്നു. സെമിനാരിയിലെ ജർമ്മൻ പ്രൊഫസറുടെ കുതിരയും വണ്ടിയും "കടമെടുത്ത്" രണ്ട് മൈലുകൾക്കപ്പുറം ചെന്ന് അവിടെ കെട്ടിയിട്ടു വന്നത്രേ! അമേരിക്കയിൽ നല്ലൊരു ധനികനെ വിവാഹം കഴിച്ച് ജീവിതം ആസ്വദിക്കാനാണ് അവൾ മനസ്സാ ആഗ്രഹിച്ചത്. അതിനിടെയാണ് സുഖമില്ലാതിരിക്കുന്ന മാതാവ് സോഫിയയെ കാണാൻ 6 മാസത്തെ സന്ദർശനത്തിന് മിഷൻ കേന്ദ്രത്തിൽ വന്നതും മൂന്ന് മരണങ്ങളെ തടയാൻ നിസ്സഹായയായി നിന്നതും. ശമുവേൽ ബാലനെയും ദൈവം മൂന്ന് പ്രാവശ്യമായിരുന്നല്ലോ വിളിച്ചത്. ഞെട്ടലോടെ റൂമിൽ കയറി കതകടച്ച് പ്രാർത്ഥിച്ച ഐഡാ, അമേരിക്കയിൽ തിരിച്ച് ചെന്ന് വൈദ്യശാസ്ത്രം പഠിച്ച് ഇന്ത്യയിലെ സ്ത്രീകളെ സഹായിക്കാൻ മടങ്ങുമെന്ന് നിശ്ചയിച്ചു. 1892-ൽ മിഷൻ കേന്ദ്രം വെല്ലൂരിലേക്ക് മാറ്റി. അവിടെ മിഷൻ സ്കൂളിലെ ഒരു പെൺകുട്ടിയായ ലക്ഷ്മിയെ രഹസ്യ നിധി തേടിയ ആരോ തട്ടിക്കൊണ്ടു പോയി കുരുതി കൊടുത്ത് കിണറ്റിലെറിഞ്ഞ സംഭവം ഐഡയുടെ മനസ്സിനെ വീണ്ടു പിടിച്ചുലച്ചു. 1894-ൽ മെഡിക്കൽ വിദ്യാഭ്യാസം നേടുക എന്ന ലക്ഷ്യവുമായി അമേരിക്കയിലേക്ക് മടങ്ങി.

**പ്രവർത്തനാരംഭം**

വനിതകൾ വൈദ്യശാസ്ത്ര പരിശീലനം നേടുന്നത് സാധാരണമല്ലായിരുന്നു. അതിനായി മുന്നിട്ടു വന്നവർക്ക് എതിർപ്പുകൾ നേരിടേണ്ടി വന്ന കാലമായിരുന്നു അത് ഒരു Quaker വിഭാഗക്കാരൻ 1850-ൽ ഫിലഡെൽഫിയയിൽ സ്ഥാപിച്ച "Women's Medical College"-ൽ 1896-ൽ ഐഡാ പഠനത്തിനു ചേർന്നു. 1898-ൽ Cornell Medical College വനിതകളെ കൂടി പ്രവേശിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ഐഡാ കൂടുതൽ സൗകര്യങ്ങളുള്ള പ്രശസ്തമായ ആ സ്ഥാപനത്തിൽ ചേരുകയും 1899-ൽ Cornell-ൽ നിന്നും M.D. നേടുന്ന ആദ്യ വനിതകളിൽ ഒരാളാവുകയും ചെയ്തു.

മെഡിക്കൽ മിഷണറിയായി ഇന്ത്യയിലേക്ക് മടങ്ങാൻ തയ്യാറെടുത്ത ഐഡയെ ഡച്ച് റിഫോംഡ് സഭയുടെ മിഷൻ ബോർഡ് അറിയിച്ചു: "വെല്ലൂരിൽ ഒരു വനിതാ ആശുപത്രി വേണമെന്ന് ഞങ്ങൾ കരുതുന്നു". സന്തോഷിച്ച ഐഡ അടുത്ത അറിയിപ്പ് കേട്ട് ഞെട്ടി: "അതിനുള്ള ധനശേഖരണം നീ നടത്തണം". നല്ലൊരു ആശുപത്രി കെട്ടാൻ 50,000 ഡോളർ ശേഖരിക്കാമെന്ന് ഐഡാ പറഞ്ഞപ്പോൾ മിഷൻ നേതാക്കളാണ് ഞെട്ടിയത്. "കുഞ്ഞേ, നീ പോയി ഒരു 8,000 ഡോളർ ശേഖരിക്കാൻ നോക്ക്. അതിൽ പകുതിയെങ്കിലും നേടാൻ ശ്രമിക്ക്". ഇന്ത്യയിലേക്ക് കപ്പൽ കയറാൻ ഒരാഴ്ചയേ ബാക്കിയുള്ളൂ. ഓരോരുത്തരെ ബന്ധപ്പെട്ട് ധനസമാഹരണം തുടങ്ങി. ചെറിയ ചെറിയ തുകകൾ മാത്രമേ ലഭിച്ചുള്ളൂ. ഒരു മിഷൻ സൊസൈറ്റിയുടെ ഭാരവാഹിയായ മിസ് റ്റാബറിനെ സന്ദർശിക്ക

വെ, തന്റെ സഹോദരീ ഭർത്താവായ ന്യൂയോർക്കിലെ ഒരു ബാങ്കറെ ചെന്നു കാണാൻ അവൾ പ്രേരിപ്പിച്ചു. പിശുക്കനായ ആ ബാങ്കർ (മിസ്റ്റർ ഷെൽ) ഒരു 500 ഡോളറോ മറ്റോ തരുമെന്ന് പ്രതീക്ഷിച്ച് ഐഡാ ചെന്നു. എന്നാൽ മിസ് റ്റാബറിന്റെ വീട്ടിൽ അന്ന് അവരുടെ സംഭാഷണം മറ്റൊരു മുറിയിലിരുന്ന് കേട്ട Mr. Schell, ഐഡയെ ചോദ്യം ചെയ്ത ശേഷം ഒരു ചെക്കെഴുതി കൊടുത്തു. മരിച്ചു പോയ തന്റെ ഭാര്യ Mary Taber Schell-ന്റെ പേര് ആ ആശുപത്രിക്ക് നൽകണമെന്ന് പറഞ്ഞു. ചെക്ക് വായിച്ചു നോക്കിയ ഐഡാ അതിശയിച്ചു പോയി – 10,000 ഡോളർ! ദൈവത്തിന്റെ കരുതൽ. മിഷൻ ബോർഡ് സമ്മതിച്ചിരുന്നെങ്കിൽ ഇപ്പോൾ 50,000 ഡോളർ കയ്യിലിരുന്നേനെ. വിശ്വാസ ത്തിന്റെ ഒരു പാഠം അന്ന് ഐഡാ പഠിച്ചു.

1900-ൽ വെല്ലൂർ മിഷൻ കോമ്പൗണ്ടിൽ ഒരു മുറിയിൽ തന്റെ ക്ലിനിക്ക് ഐഡാ സ്കഡർ ആരംഭിച്ചു. അന്ധവിശ്വാസം മൂലം ആദ്യം രോഗികൾ വന്നില്ല. എല്ലാവർക്കും ഡോക്ടർ (ജോൺ സ്കഡർ) മതി. മരണത്തിന്റെ വക്കിലായ ഒരു പ്രായം ചെന്ന അമ്മച്ചിയെ സഹായിക്കാൻ വീട്ടിലേക്ക് വിളിച്ചു കൊണ്ടു പോവുകയും എന്നാൽ ചില മണിക്കൂർ കഴിഞ്ഞ് അവർ അന്ത്യശ്വാസം വലിക്കു കയും ചെയ്തത് ഐഡയെക്കുറിച്ച് സംശ യം പരത്താനിടയാക്കി. എന്നാൽ താമസി യാതെ, കണ്ണിന്റെ അസുഖം ബാധിച്ച ഒരു സവർണ്ണ സ്ത്രീക്ക് ചികിത്സ നൽകി സുഖം പ്രാപിക്കാനായത് ഒരു വഴിത്തിരി വായി. പിന്നെ രോഗികളുടെ എണ്ണം കൂടി കൂടി ദിവസേന 200-ഉം 500-ഉം കേസ്സു കൾ കൈകാര്യം ചെയ്യേണ്ട അവസ്ഥയു ണ്ടായി. തന്റെ അടുക്കള വേലക്കാരിയായ Salomiയെ പരിശീലിപ്പിച്ച് ആദ്യത്തെ നഴ്സാക്കി. ചില മാസങ്ങൾക്കുള്ളിൽ കാൻസർ ബാധിച്ച് ഐഡയുടെ പിതാവ് കൊടൈക്കനാലിൽ വച്ച് മരിച്ചു (അസുഖ വിവരം അദ്ദേഹം അവസാനം വരെ ആ രോടും പറഞ്ഞില്ല). 1901 സെപ്റ്റംബറിൽ തറക്കല്ലിട്ട വനിതാ ആശുപത്രി 1902 സെപ്റ്റംബർ 16-ന് ഉദ്ഘാടനം ചെയ്തു (Mary Taber Schell Memorial Hospital).

**ആശുപത്രിയുടെ വളർച്ച**

മണ്ണൻ, കുഷ്ഠരോഗം, കോളറ, മലേറിയ, കണ്ണുരോഗങ്ങൾ തുടങ്ങിയവ മാത്രമല്ല ഐഡയ്ക്ക് നേരിടേണ്ടിയിരുന്നത്. പല വർഷങ്ങൾ നീണ്ട വരൾച്ചയും ക്ഷാമവും കൂടാതെ (1902-ലാണ് അവസാനം വരൾച്ച അവസാനിച്ച് മഴ ലഭിച്ചത്) വസന്തരോഗവും (plague) ദക്ഷിണേന്ത്യയെ അലട്ടി. 1899-ലെ plague-നു ശേഷം 1903 ജനുവരിയിൽ വീണ്ടും പൊട്ടിപ്പുറപ്പെട്ടു. ഇതിനിടെ plague vaccination വികസിപ്പിച്ചിരുന്നതിനാൽ ഐഡയുടെ സഹായികൾ ഇതുമായി ഇറങ്ങിയപ്പോൾ ബ്രിട്ടീഷ് സർക്കാർ ഇന്ത്യക്കാരുടെ ജനസംഖ്യ കുറയ്ക്കാൻ കണ്ടുപിടിച്ച വഴിയാണെന്ന് വാർത്ത പരന്നു. Plague മാരിയമ്മന്റെ (കാളിയുടെ ഒരു രൂപം) സന്ദർശനമാണെന്ന് വിശ്വസിച്ചിരുന്ന ജനങ്ങൾ vaccinatorsനെ കണ്ട് ഓടിയൊളിച്ചു. (10 ലക്ഷം പേരാണ് മാസങ്ങൾക്കുള്ളിൽ ഇന്ത്യയിൽ മരിച്ചത്).

തദ്ദേശീയരായ ചില പെൺകുട്ടികളെ പരിശീലിപ്പിച്ച് നഴ്സുമാരായി നിറുത്തിയെങ്കിലും നഴ്സിംഗ് സഹായികളെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകത ഐഡയെ അലട്ടിക്കൊണ്ടിരുന്നു. 1907-ൽ ഫർലോയിൽ അമേരിക്കയിൽ ചെന്നപ്പോൾ ഒരു ബിരുദാനന്തര കോഴ്സ് ചെയ്യുകയും ആവശ്യങ്ങളെ പങ്കു വയ്ക്കുകയും ചെയ്തു. 1908 നവമ്പറിൽ പുതിയ സഹായികളും ഒരു കാർ വാങ്ങാൻ 1,000 ഡോളറുമായി മടങ്ങി. 1909-ൽ ഒരു പ്യൂഷോ കാർ ഇറക്കുമതി ചെയ്ത് അസംബിൾ ചെയ്യിച്ചു – വെല്ലൂരിലെ ആദ്യത്തെ കാർ. വളരെ ദൂരം സഞ്ചരിച്ച് roadside clinics നടത്താൻ അതു പയോഗിച്ചു. ഈ വർഷം തന്നെ School of Nursing സ്ഥാപിക്കപ്പെട്ടു. നഴ്സിംഗ് ഒരു മോശം ജോലിയായി കരുതിയിരുന്ന ഇന്ത്യൻ മനോഭാവം ഈ രംഗത്ത് ആവശ്യമുള്ള ആളുകൾ കടന്നു വരുന്നതിന് വിലങ്ങു തടിയായിരുന്നു. മറ്റ് പല മിഷനുകളെയും ബന്ധപ്പെട്ടാണ് ആദ്യമൊക്കെ നഴ്സിംഗ് വിദ്യാർത്ഥികളെ സംഘടിപ്പിച്ചത്.

താമസിയാതെ, ഇന്ത്യൻ പെൺകുട്ടികളെ ഡോക്ടർമാരായി പരിശീലിപ്പിക്ക

ണം എന്ന ആഗ്രഹം ഐഡാ സ്കഡറുടെ മനസ്സിൽ രൂപപ്പെട്ടു. Schell ആശുപത്രിയും രോഗികളെ കൊണ്ട് വീർപ്പു മുട്ടുകയായിരുന്നു. ഒരു പുതിയ ആശുപത്രി, അതിനോട് ചേർന്ന് മെഡിക്കൽ കോളേജ് എന്ന ദർശനം വിശ്വാസത്തോടെ പിൻതുടർന്നു. കൊടൈക്കനാലിൽ വച്ച് നടന്ന മെഡിക്കൽ മിഷണറി കോൺഫറൻസിൽ ഡോ.ഐഡാ തന്റെ സ്വപ്നം പങ്കു വെച്ചു: മിഷനുകളുടെ സഹകരണത്തോടെ ദക്ഷിണേന്ത്യയിൽ സ്ത്രീകൾക്കായി ഒരു മെഡിക്കൽ കോളേജ്. കേട്ടവരെല്ലാം സംശയങ്ങൾ ഉതിർത്തു. ആവശ്യമായ ധനം എവിടെ നിന്ന് വരും? ഇതിന് അനുമായി ആരംഭിക്കാൻ 1914 മെയ് മാസ ത്തിൽ കൂടിയ South Indian Missionary Conference തീരുമാനിച്ചത് ഐഡാ സ്കഡറിന്റെ പ്രയത്നഫലമായാണ്.

**മെഡിക്കൽ സ്കൂൾ**

ഡിപ്ലോമാ കോഴ്സായ L.M.P നടത്തുന്ന മെഡിക്കൽ സ്കൂൾ ആദ്യം തുറന്നു (ജൂലൈ 1918–ൽ). മൂന്ന് അപേക്ഷകൾ കിട്ടിയാൽ ഭാഗ്യം എന്ന് മദ്രാസിലെ സർക്കാർ അധികാരികൾ പറഞ്ഞിരുന്നെങ്കിലും 69 പെൺകുട്ടികൾ അപേക്ഷിച്ചു. ഇതിൽ നിന്ന് ഡോ.ഐഡാ 18 പേരെ തിരഞ്ഞെടുത്തു. പഠനം പൂർത്തിയാക്കിയ 14 പേരും ബ്രിട്ടീഷ് സർക്കാരിന്റെ പരീക്ഷ



വാദം കിട്ടുമോ? പെൺകുട്ടികളെ പരിശീലിപ്പിക്കുന്നത് നടപ്പുള്ള കാര്യമാണോ? എന്നാലും ഒരു കമ്മിറ്റിയെടുത്ത് പഠനം നടത്തി. 1912–ൽ കൂടി അനുകൂല തീരുമാനം കൈക്കൊണ്ടു. ദക്ഷണേന്ത്യയിലെ പല നഗരങ്ങളും ഇതിനായി ആലോചിച്ചു (വടക്കേ ഇന്ത്യയിൽ ലുധിയാനയിൽ പെൺകുട്ടികളെ വൈദ്യശാസ്ത്രം പഠിപ്പിക്കുന്നുണ്ടായിരുന്നു). വെല്ലൂരിന് തൊട്ടുവെളിയിൽ ഒഴിഞ്ഞു കിടന്ന 200 ഏക്കർ സ്ഥലത്ത് പുതിയ ആശുപത്രിയും മെഡിക്കൽ കോളേജും മിഷനുകൾ സംയുക്ത പാസായി (ആൺകുട്ടികൾ അയച്ച സ്ഥാപനങ്ങളിൽ 20% പേർ മാത്രമാണ് ശരാ ശരി പാസ്സായത്).

1920–ൽ ഡോ.ഐഡാ സ്കഡറിന് ബ്രിട്ടീഷ് ഇന്ത്യയിലെ പരമോന്നത ബഹുമതിയായ കൈസർ-ഇ-ഹിന്ദ് മെഡൽ സമ്മാനിച്ചു. 1922–ൽ ഡോ.ഐഡയുടെ ആദ്യത്തെ ബാച്ച് മെഡിക്കൽ വിദ്യാർത്ഥികൾ പുറത്തിറങ്ങി. ആ വർഷം ഡോ.ഐഡാ അമേരിക്കയിൽ ചെന്ന് മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിന് 2 മില്ല്യൺ ഡോളർ കണ്ടെത്താൻ അക്ഷീ ണ

പ്രയത്നം നടത്തി. അത്രയും തുക ശേഖരിച്ചാൽ 1 മില്ല്യൺ തങ്ങൾ നൽകുമെന്ന് Rockefeller Foundation അറിയിച്ചു. ഇതിനായി നിശ്ചയിച്ച അവസാന തീയതിയായ 1923 ജനുവരി 31-ന് അവസാനത്തെ ചെക്ക് വന്ന് ചേർന്ന് ആ തുക അത്ഭുതകരമായി ലഭ്യമായി. ഓരോ കെട്ടിടങ്ങളായി പണിതുയർത്തി. 1927-ൽ ദക്ഷിണേന്ത്യയിൽ പര്യടനം നടത്തിയ ഗാന്ധിജി വെല്ലൂരിലെ Medical School for Women സന്ദർശിച്ചു.

1928-ൽ പുതിയ ആശുപത്രി കെട്ടിടം മദ്രാസ് ഗവർണ്ണർ ഉദ്ഘാടനം ചെയ്തു (40 കിടക്കകളുളള ഇത് ഇന്ന് 2000 കിടക്കകളുളള ആശുപത്രിയായി വികസിച്ചിരിക്കുന്നു). ഇതോടെ Taber Schell Hospital-നെ കണ്ണാശുപത്രിയാക്കി മാറ്റി. വർഷങ്ങളുടെ സ്വപ്നവും പ്രയത്നവും സാക്ഷാത്കരിച്ച് 1932 ഡിസംബർ 2-ന് മെഡിക്കൽ കോളേജ് കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു. എങ്കിലും സാമ്പത്തിക ഞെരുക്കവും സർക്കാരിന്റെ നയങ്ങളും കാരണമായി LMP കോഴ്സ് മാത്രമാണ് തുടർന്നും നടത്തിയത്. 1933 മുതൽ ഇത് Diploma in Medicine and Surgery എന്ന് അറിയപ്പെട്ടു. 1938ൽ ഈ കോഴ്സ് നിറുത്തലാക്കുകയും മദ്രാസ് സർവ്വകലാശാലയുടെ അംഗീകാരമുളള ബിരുദ കോഴ്സ് (MBBS) അതിനാവശ്യമായ സംവിധാനങ്ങളും qualified staff-ഉം ഉണ്ടെങ്കിൽ നടത്താം എന്ന അറിയിപ്പ് ലഭിക്കുകയും ചെയ്തു. വെല്ലൂ രിലെ സ്ഥാപനം സാമ്പത്തികമായും അല്ലാതെയും ഇതിന് പര്യാപ്തമല്ലാ യിരുന്നു. ഡോ.ഐഡാ ഈ crisis-ന്റെ മദ്ധ്യേ ഡയറിയിൽ എഴുതി: “What you are building is not a medical school. It is the kingdom of God”.

ഈ സമയത്താണ് ഇന്ത്യയിലെ പുരുഷ വിദ്യാർത്ഥികൾക്കായി ഐക്യ ക്രൈസ്തവ മെഡിക്കൽ കോളേജ് സ്ഥാപിക്കാനുളള മിഷണറി ചർച്ചകൾ നടന്നു വന്നത്. ഇതിനിടെ വെല്ലൂർ സന്ദർശിച്ച ഇതിന്റെ അദ്ധ്യക്ഷൻ, ഒരു co-educational മെഡിക്കൽ കോളേജാക്കുന്ന കാര്യം മുമ്പോട്ടു വച്ചു. തന്റെ കോളേജിനെ രക്ഷിക്കാൻ വേറെ വഴിയില്ല എന്ന് കണ്ട് ഡോ.ഐഡാ സമ്മതിച്ചു. ദീർഘകാല സുഹൃത്തുക്കൾ പോലും ഇതിനെ രൂക്ഷമായി വിമർശിക്കുകയും എതിർക്കുകയും ചെയ്തു. 1941-ന് അമേരിക്കയിൽ വീണ്ടും ധനസമാഹരണത്തിന് ഡോ.ഐഡാ ചെന്നു. 1945-ലാണ് മടങ്ങിയെത്തിയത്. ആത്മവഞ്ചന നടത്തിയെന്ന് ആരോപിച്ച് ആയുഷ്ക്കാല സുഹൃത്തുക്കൾ പിന്തുണ പിൻവലിച്ചപ്പോൾ സഹോദരപുത്രിയായ Dr. Ida B Scudder കൈതാങ്ങായുണ്ടായി (കോളേജിൽ radiology വകുപ്പ് വികസിപ്പിച്ചത് ഇവരായിരുന്നു). 1944-ൽ സർവ്വകലാശാലയുടെ താൽക്കാലിക affiliation (രണ്ട് വർഷത്തേക്ക്) നേടി Christian Medical College and Hospital ഉദ്ഘാടനം ചെയ്യപ്പെട്ടു. കുഷ്ഠരോഗ വിദഗ്ധനായ ഡോ. റോബർട്ട് കോഖ്റേൻ ആയിരുന്നു ആദ്യ പ്രിൻസിപ്പൽ. ഇദ്ദേഹത്തിന്റെ ശിഷ്യനായി leprosy surgeon ആയി വെല്ലൂരിൽ ചേർന്ന ഡോ.പോൾ ബ്രാന്റ് പിൽക്കാലത്ത് സ്വന്തം നിലയിൽ പ്രശസ്തനായി. 1945-ൽ ഇന്ത്യയിൽ ആദ്യത്തെ B.Sc Nursing കോഴ്സ് ക്രിസ്ത്യൻ മെഡിക്കൽ കോളേജിലാണ് ആരംഭിച്ചത്. 1947-ൽ CMCH പുരുഷ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു തുടങ്ങി. അതിനു മുമ്പത്തെ വർഷം ഡോ.ഐഡാ ഔദ്യോഗികമായി വിരമിച്ച് കൊടൈക്കനാലിൽ തന്റെ വസതിയായ Hill Top-ൽ താമസമായി. തുടർന്നും ആശുപത്രിയുടെ കാര്യങ്ങളിൽ സഹായിച്ചു വന്നു. 1960-ൽ 90-ാമത്തെ വയസ്സിൽ ഇന്ത്യയിലെ സ്ത്രീകൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഈ മിഷണറി വനിത ക്രിസ്തുവിൽ നിദ്ര പ്രാപിച്ചു.

സ്കഢർ കുടുംബത്തിൽപ്പെട്ട 40-ൽ പ്പരം ആൾക്കാർ പല തലമുറകളിലായി മിഷണറി സേവനം നടത്തിയിട്ടുണ്ട്. ഇത് ഒന്നിനോടൊന്ന് ചേർത്താൽ ആയിരത്തിൽപ്പരം വർഷം വരുമെന്ന് കണക്കാക്കപ്പെടുന്നു. ഇവരിലൊരാളായ ഡോ.ഐഡാ സ്കഢർ സ്ഥാപിച്ച വെല്ലൂർ CMCH ഇന്ത്യയിലെ മികച്ച മെഡിക്കൽ കോളേജുകളുടെ പട്ടികയിൽ ഇന്നും നിലനിൽക്കുന്നു. ഒരു രാത്രിയിലെ മൂന്ന് വിളികൾക്ക് ഐഡാ ചെവി ചായിച്ചതു കൊണ്ട് ദൈ വം പ്രവർത്തിച്ച അത്ഭുതം! *

# First Few Days Of Hostel Life

**Anu Jacob**

The thought of being a hosteler triggers different feelings in different people.

For some, it is the end of bondage set by parents, a new base of life to experience freedom – freedom to do anything and everything of their own.

For others it commences a new syndrome namely ‘homesickness’ and their thoughts will be full of their life in their sweet home with their parents wherein there was nothing to be worried about.

Hostel life in short is a life full of adjustment in one way or the other.

In some hostels the food that is being provided is bad while in some hostels the hostel mates will be of irritating character.

With a mixed feeling in my mind I joined a hostel as my college is 17 hours from my house. By God’s grace though there were some problems in the 1st two months, I got accustomed with the hostel atmosphere.

But then too there is still one big unsolved problem.

I don’t think such a problem exists in any other hostel. I am not allowed to go to church. A fact to be undeclined is that both of my wardens are Christians. After a long fight, I was allowed to go to Church once in a month. That too on one condition that I should go Church with any one of my friends.

When I heard this I was quite glad as there are four Christian girls doing I year. I thought it won’t be a big problem in asking any one of them to go with me to Church.

But see this is what happened, when I approached them.

**A:** I love coming to Church with you, but if I go with you to Church, during those two hours my roommate has to be alone.

[As far as she is concerned giving company for her roommate just for 2 hours is more valuable than she going to Church and worshipping Jesus Christ.]

I was shocked.

**B**: I was waiting for a friend like you to go to Church. But I am afraid that I cannot go with you as I will not wake up early in the morning on Sundays. I will wake up only at 12:00 noon.

[As far as she is concerned going to Sunday worship is of least importance when compared to sleep]

I got stunned.

**C**: I don’t mind even sacrificing my studies on Sunday morning for going to Church.

But I don’t think from this October to middle of February we can go to Church as it rains like anything and we will unnecessarily get wet.

[As far as she is considered a silly change of weather like rain is a big excuse for not going to Church.]

I blankly stood at her response.

**D**: I am always ready to go with you whenever we are allowed to go to Church.

But I am sorry to say that coming Sunday I am planning to go for outing to see my ex-classmates and to do some shopping.

I stood without knowing how to respond.

See how carelessly they all responded when the subject of going to Church for worship was put before them. I don't know how they can be, without attending the Sunday service.

More stunning fact is that not even single of their parents have any complaint on them for not attending Church.

Whatever it is, in the I who am suffering. I am put in a hostel where I am allowed to go to Church only once in a month and that too with any one of my friends. But no one is interested in attending the Sunday worship. After attending Sunday worship, Sunday school and Teens Bible hour for years now being put in a condition, where I am unable to attend the Church is like depriving me of food or water.

**So all the day scholars and the hostelers who are allowed to go for Sunday worship, please utilize this great opportunity of yours and spiritually and meaningfully attend each and every service that you can attend.**

Go to Church prayerfully and do not go to Church simply to show others that you are a person who attend Church regularly. Do not think that going to Church is simply a custom to be followed, whereas think about it as a privilege and a God given gift to attend the Sunday worship. Also think about the people in various countries who are not allowed to go to Church and worship Jesus peacefully. *

## Quotes for the month

God heals, and the doctor takes the fee. – *Benjamin Franklin*

The head of medical service in a great university hospital once said, "One should send for his minister as he sends for his doctor when he becomes ill." That is to say, God helps the sick in two ways, through the science of medicine and surgery and through the science of faith and prayer.

– *Norman Vincent Peale*

God weeps with us so that we may one day laugh with him.

– *Jurgen Moltmann*

Jesus did not come to explain suffering nor to take it away: he came to fill it with his presence.

- *Paul Claudel*

# BEHOLDING GOD ON THE THRONE OF GRACE...

**Christenson E. Sarasam**

Many people, even Christian believers who lead their lives in neglect of God, in times of distress profusely complain that God does is not concerned about them. At least some of them struggle to ask the question: “Why doesn’t God intervene to prevent calamities in our personal lives?”. The only one answer to this question is: “God does not work in our way”. He has the power to wound and the power to woo. It would be easy for Him to intervene, but another glorious purpose is at work – the purpose of constraining love. Hard though it may be, we ust have patience with the patience of God.

There is a popular chorus which a congregation sang quite often: “God is still on the throne..” The youth pastor who was so fond of this song introduced the chorus to the Sunday school children. A five year old boy who was excited abou the song came running home to tell mummy that he learned a new song. The mother in turn asked him what? “God is still on the phone” replied the little lad. Though that wasn’t what he was exactly taught, there is food for thought in what he said. God is accessible to us at all times: whether day or night. Our channels of communication to God are never blocked or “down”. All our mercy petitions reach the throne of Grace.

The good news of the gospel is: we can approach the throne of God with the assurance that through the sacrifice on the Cross, God has given us His righteousness – the consequence of the finished work of Christ. “In Your presence is fullness of joy”. There is nothing wrong in wanting to be happy. But the paradoxical truth is that I will never be happy if I am primarily concerned with becoming happy. My overriding goal in every circumstances must be to respond biblically, to put the Lord first and seek to behave as He would want me to. When we devote our energies to the task of becoming what Christ wants us to be. He fills us with unutterable happiness, joy and peace. I four primary hunger and thirst is not to become more and more like Christ, then we will experience an inner emptiness that nothing we chase after can fill.

If we are not hungering and thirsting after God, we will definitely hunger and thirst after something else. When we make it our goal to glorify God, then we will enjoy Him. The more we are nearer to God, we realize about our short comings and weakness more and more. The more we surrender our lives to the Lord, the more we begin to reflect Him. God

always offers news things to us: a new birth, a new life, a new hope, a new happiness, and at the end of time a new name. However, out of all these fascinating new things that Christ offers His children, none is perhaps more intriguing than His offer of a new heart. "I will give you a new heart and put a new spirit within you" (Ezekiel 36:26). Quite clearly, when it comes to spiritual things, the heart of the matter is the matter of the heart. On of the greatest promises of the Bible is the offer of changing our hearts. God is not content with the tinkering of our exterior, he loves to purify our hearts.

Shall we capture the vision content of the following lines:

I want, dear Lord, a heart that's true and clean
A sunlit heart, with not a cloud between.
A heart like Thine, a heart divine.
A heart as white as snow.
On me, dear Lord, a heart like this bestow.

*

## QUESTIONS ABOUT HEALING

Selected from the Radio Bible Class booklet, *Does God want me Well?*

**What about healing in the atonement?**

"*You need not be sick. Christ died for our sicknesses as well as our sins. Through faith we must claim freedom from illness just as we claim freedom from the penalty of our sins. That's what Matt. 8:16-17 tells us.*" A godly man dying of cancer heard a radio preacher say this. He began to suffer from a feeling of guilt about his lack of faith just as much as from his illness. I assured him that he had not failed spiritually. He and his loved ones had prayed earnestly. Neither their prayers nor their faith were deficient. It apparently was not God's will to heal him. The man was then able to face his approaching death with faith and courage.

Jesus' miracles of healing were signs. They showed his compassion for us and pointed forward to his death by which he would pay the price for sin so that ultimately [in eternity] all suffering can end. D. A. Carson astutely observed, "The cross is the basis for all the benefits which accrue to believers; but this does not mean that all such benefits can be secured at the present time on demand, any more than we have the right and power to demand our resurrection bodies [now]."

**What about the gift of healing?**

Some Christian leaders are convinced that they possess the "gifts of healings" referred to in 1 Corinthians 12. Moreover, many sane, honest, and respectable people support this claim. However, Hebrews 2:1-4 makes it clear that the miraculous sign gifts were not present in about AD 68 as they were at an earlier stage in the apostolic era. The writer of Hebrews used the past tense. In addition, he lumped together "signs and wonders" and

"gifts of the Spirit." It appears that the supernatural sign gifts were no longer present to the extent they were at an earlier time.

Another matter of significance is the fact that in Greek, the supernatural sign gifts are written as double plurals – "gifts of healings," "gifts of tongues," "workings of miracles." This may indicate that the supernatural gifts did not reside in an individual like the gift of an office – apostle, prophet, evangelist, and pastor-teacher (Eph 4:11). They apparently came upon a person for one event and had to be given again or renewed by the Holy Spirit according to his will. Perhaps that's why Paul, who on one occasion healed a host of people, couldn't heal Epaphroditus (Phil 2:25-30), Trophimus (2 Tim 4:20), or Timothy (1 Tim 5:23).

Since even the apostles didn't possess a resident gift of healing, we have good reason to deny that anyone has it today. Nor do present healings through prayer indicate that somebody exercised the "gifts of healings." God can heal in response to prayer whenever he chooses to do so.

**What about the contemporary reports of healing?**

Wherever you go, you can find people who tell of being miraculously cured through prayer, through a visit to a shrine, or through the work of a healer.

We believe in God and his power to heal. Many of us have had firsthand experiences of amazing healings in response to prayer. Therefore, we do not question the fact that God can and does heal. However, we should recognize that not all humanly unexplainable incidents are miracles of God. They occur even among Satan worshippers! Therefore, we test a religious leader's credibility by what he teaches, not by an analysis of the miracles ascribed to him or her.

**How much faith do I need?**

Many people have the idea that if we fulfill God's conditions by having enough faith, we will always be healed. Therefore, they boldly "name and claim" complete healing when they pray.

Dr. Paul Brand in the Nov 25, 1983 issue of *Christianity Today* told the sad story about a family that took this approach. When their 15-month old son came down with flu-like symptoms, they followed the advice of their church leaders and depended solely on prayer for his recovery. Their son kept getting more sick over the next several weeks, gradually losing his senses of hearing and sight. He finally died – and he remained dead in spite of fervent prayer that God would restore his life. The autopsy showed that the cause of death was a form of meningitis that could have been treated easily.

Now, these people had tremendous faith. But the strength of our faith does not determine whether or not healing will come. Some of our Lord's miracles were not in any way related to the faith of those who benefited from them (Mt 12:9-13; Mk 1:23-28; Lk 7:11-15; 13:10-13; 14:1-6; 22:50-51; Jn 9:1-38). Besides, are we going to say that Paul was not healed of his "thorn in the flesh" because he didn't have enough faith? Was Timothy's lack of faith the reason he had stomach problems? (1 Tim 5:23) *

ഡോ. (മിസ്സിസ്) ശാന്താ യേശുദാസ്

# ജോബ്സ് കംഫർട്ടർമാരെ സൂക്ഷിക്കുക

ഉഷസ്സിന്റെ രഥത്തിൽ ഉയർപ്പിന്റെ രഥ ത്തിൽ എഴുന്നള്ളും സ്നേഹ പിതാവേ- ഇന്ന് ഞായറാഴ്ചയാണെന്ന് അറിയിച്ചു കൊണ്ട് ആ ഗ്രാമത്തിൽ തലയുയർത്തി നിൽക്കുന്ന ദേവാലയത്തിൽ നിന്ന് ഉയർന്ന ഭക്തി ഗാനത്തിന്റെ ഈരടികൾ മകര മാസത്തിലെ മഞ്ഞുകൊഴിയുന്ന പ്രഭാതത്തിന്റെ തണുപ്പിൽ നിദ്രയിലാണ്ടു കിടന്ന ഗ്രാമീണ ജനതയെ വിളിച്ചുണർത്തിയപ്പോൾ പള്ളിയുടെ തൊട്ടടുത്തു സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ രോഗിയായി കിടക്കു കയായിരുന്ന ആ ദേവാലയത്തിലെ പ്രധാന ഡീഖർ ഉറക്കത്തിന്റെ അഗാധ കയങ്ങളിലേയ്ക്ക് താണിറങ്ങുകയായിരുന്നു. ചിന്തകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരു ജീവിയെ പോലും വേദനിപ്പിച്ചിട്ടില്ലാത്ത ഒരു സാധു മനുഷ്യനായിരുന്നു അദ്ദേഹം. "അദ്ദേഹത്തിന് ദൈവം എന്തിന് ഈ മഹാരോഗം നൽകി?" നാട്ടുകാർ മുഴുവൻ പലപ്രാവശ്യം ചോദിച്ച ചോദ്യമാണിത്. തലച്ചോറിൽ ക്യാൻസർ എന്ന മഹാരോഗം വളർന്നു കൊണ്ടിരിക്കുന്ന അദ്ദേഹം ആർ.സി.സി. യിൽ നിന്നു ലഭിച്ച ചികിത്സയ്ക്കു ശേഷം വീട്ടിൽ വിശ്രമിക്കവേ അമിതമായ ക്ഷീണം, അസഹ്യമായ വേദന, ഛർദ്ദിൽ എന്നിവ നിമിത്തം നിദ്രാവിഹീനങ്ങളായ രാവുകൾ പിന്നിട്ടുകൊണ്ടിരുന്നു. രണ്ടു ദിവസങ്ങൾക്ക് മുൻപ് ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗി ഞായറാഴ്ച പ്രഭാതത്തിൽ വേദന മറന്ന് സ്വസ്ഥമായി ഉറക്കം ആരംഭിച്ചതേയുള്ളു. അതിനാൽ രോഗിയെ സന്ദർശകർ ശല്യപ്പെടുത്തരുത് എന്ന ഉദ്ദേശ്യത്തിൽ അദ്ദേഹത്തിന്റെ ഭാര്യയെ മാത്രം സമീപം ഇരുത്തിയ ശേഷം സന്ദർശകർക്ക് കർശനമായ വിലക്ക് ഏർപ്പെടുത്തി.

പതിവു പോലെ ഞായറാഴ്ച ആരാധന കഴിഞ്ഞിറങ്ങിയ "ഭക്തജനങ്ങൾ" രോഗിയെ കാണാൻ വന്നു കയറി. മുറിയുടെ മുന്നിലെ "സന്ദർശകർ പാടില്ല" എന്ന ബോർഡ് വായിച്ച ശേഷം മാന്യരായ ചില വ്യക്തികൾ നിശ്ശബ്ദരായി മടങ്ങി. പക്ഷേ മറ്റുചില (പാരകളായ) സന്ദർശകർക്ക് രോഗിയെ ഉണർത്തി അദ്ദേഹത്തോട് സംസാരിക്കണം, തങ്ങൾ അദ്ദേഹത്തെ കാണാൻ വന്നിരിക്കുകയാണെന്നറിയിക്കണം, അദ്ദേഹത്തിന്റെ ശരീരത്തിലെ വേദന യുള്ള ഭാഗത്ത് തൊട്ട് പ്രാർത്ഥിക്കണം, വേദന കുറവുണ്ടോ എന്ന് ചോദിക്കണം, മറ്റു ചിലർക്ക് അദ്ദേഹത്തിന് ഇനി പൂർണ്ണമായ രോഗശമനം ലഭിക്കുമോ (ഇതോടെ കാറ്റു പോകുമോ) എന്നറിയണം... അങ്ങനെ വിവിധ ഉദ്ദേശങ്ങളോടെ വന്നു കയറിയ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ രോഗിയുടെ മക്കളും ആശുപത്രി ജീവനക്കാരും നന്നേ പാടുപെട്ടു (ഇക്കാര്യത്തിൽ ഡോബർമാന്റെ സ്വഭാവം കാണിക്കുക സാദ്ധ്യമല്ലല്ലോ!).

**ആരാണ് "ജോബ്സ് കംഫർട്ടർ" മാർ**

ഈ വാക്കിന് നിഘണ്ടുവിൽ നൽകിയിരിക്കുന്ന അർത്ഥം " Pretender of sympathy, who attributes your misfortunes to your own mistakes" (വ്യാജസ്നേഹിതൻ, കപടാനുകമ്പ കാട്ടുന്നവൻ) എന്നാണ്. നീതിമാനായിരുന്ന ഇയ്യോബ് എന്ന ദൈവ ഭക്തന് രോഗവും ദുരിതവും ഉണ്ടായപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനെത്തിയ ബന്ധുക്കൾ മിത്രങ്ങൾ എന്നിവരിൽ നിന്ന് രോഗിയായ അദ്ദേഹത്തിന് ലഭിച്ച പ്രതികരണങ്ങളെപ്പറ്റി പഴയ നിയമ ത്തിൽ നാം വായിച്ചിട്ടുണ്ട്. ഈ അർത്ഥത്തിലാണ് ജോബ്സ് കംഫർട്ടർ എന്ന പദം ഉത്ഭവിച്ചിട്ടുള്ളത്.

രോഗശമനത്തിൽ ഉത്തമസുഹൃത്തുക്കൾക്കും, പ്രാർത്ഥനയ്ക്കും നൽകാവുന്ന സംഭാവന വളരെ വലുതാണ് എന്ന സത്യം വൈദ്യശാസ്ത്രം നിഷേധിക്കുന്നില്ല.

"വില കൊടുക്കാതെ ലഭിക്കുന്ന ഉത്തമ ഔഷധങ്ങളാണ് സുഹൃദ് ബന്ധങ്ങൾ" - മന:ശ്ശാസ്ത്ര ഗവേഷകനായ ഷെല്ലി ടെയ്‌ലറുടെ വാക്കുകളാണിവ.

**രോഗം വരാത്തവർ ആരെങ്കിലും ഉണ്ടോ?**

ജീവിതയാത്രയിൽ യാതൊരു മുന്നറിയിപ്പും കൂടാതെ ആയിരിക്കും രോഗങ്ങൾ നമ്മുടെ മേൽ കടന്നാക്രമണം നടത്തി രോഗ കിടക്കയെ അഭയം പ്രാപിക്കേണ്ട നിസ്സഹായാവസ്ഥയുണ്ടാകുന്നത്. ഔഷധങ്ങൾ രോഗശമനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുന്നു; അതോടൊപ്പം സമാന അനുഭവങ്ങളിലൂടെ കടന്നു പോയ സുഹൃത്തു ക്കളുടെ സന്ദർശനവും സാന്ത്വന വചനങ്ങളും നൽകുന്ന കുളിർമ്മ കുറച്ചൊന്നുമല്ല. ഇവ ചിലപ്പോൾ മരുന്നുകളെക്കാൾ ഫലപ്രദമാവുകയും ചെയ്യും എന്ന് വൈദ്യശാസ്ത്രം തന്നെ തെളിയിച്ചിട്ടുണ്ട്.

**സന്ദർശകർ "പാര"കൾ ആയി മാറുമ്പോൾ**

രോഗികളെ സന്ദർശിക്കു ന്നതിനായി ഓറഞ്ച്, മുന്തിരി, ആപ്പിൾ, റൊട്ടി, ബിസ്ക്കറ്റ് എന്നിവ പൊതിഞ്ഞു കെട്ടി ആശുപത്രിയിൽ ഇടിച്ചു കയറി എത്തുന്ന സന്ദർശകരുടെ ശരീര ഭാഷ സൂക്ഷ്മമായി ശ്രദ്ധിക്കുക. താഴെ പറയുന്ന പല കാര്യങ്ങളും വ്യക്ത മാകും.

"ആരാന്റെ അച്ചിക്ക് ഭ്രാന്തു പിടിച്ചാൽ കാണാനെന്താരു ചേല്"എന്ന മനോഭാവത്തോടെ എത്തുന്നവരാണ് അമ്പതു ശതമാനത്തോളം പേർ. മറ്റു ചിലർ മുറിവൈദ്യന്റെ റോൾ അഭിനയിക്കും; എന്തൊക്കെ ഭക്ഷണം കഴിക്കാം എന്തു കഴിക്കാൻ പാടില്ല എന്നൊക്കെ (പലപ്പോഴും ഡോക്ടർമാർ നൽകുന്ന ഉപദേശത്തിന് വിപരീതമായി) അവർ ഉപദേശിക്കും. മഞ്ഞപ്പിത്തം ബാധിച്ചു കിടക്കുന്ന രോഗിയോട് മഞ്ഞൾ അരച്ചകറികൾ ഉപയോഗിക്കാൻ പാടില്ല എന്നുപോലും ഇക്കൂട്ടർ ഉപദേശിക്കുമത്രേ!!

മറ്റൊരു കൂട്ടർ തങ്ങളുടെ ലോക പരിചയത്തെപ്പറ്റി വീമ്പടിക്കുന്നവരാണ്. നഗരത്തിലെ ഫൈവ്സ്റ്റാർ ആശു പത്രിയിലെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ പലരും തങ്ങളുടെ ഉറ്റ സുഹൃത്തുക്കളാണെന്ന് അവകാശപ്പെടുന്ന ഇക്കൂട്ടരുടെ വാക്കുകൾ വിശ്വസിച്ച് തങ്ങൾ ചികിത്സിച്ചിരുന്ന ആശുപത്രിയിൽ നിന്ന് നിർബ്ബന്ധമായി ഡിസ്ചാർജ്ജ് വാങ്ങി പെരുവഴിയിൽ അകപ്പെട്ടവരും ഫൈവ് സ്റ്റാർ ആശുപത്രിയിലെ ചികിത്സയ്ക്കൊടുവിൽ ആശുപത്രിയിൽ അടയ്ക്കുന്നതിന് പണം കണ്ടെത്താനാകാതെ വലഞ്ഞ ഹതഭാഗ്യരും നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്.

ഗർഭിണിയാണ് രോഗിയെങ്കിൽ ചികിത്സിക്കുന്ന ഡോക്ടർമാരുടെ മനോവീര്യം കെടുത്തുന്ന ചോദ്യശരങ്ങൾ ഡോക്ടറുടെ നേർക്ക് എയ്തു വിടുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാണ് മറ്റു ചില സന്ദർശകർ. "വേറെ കുഴപ്പമൊന്നുമില്ലല്ലോ?" "പ്രസവം എപ്പോൾ നടക്കും?" "കുഞ്ഞിന് കുഴപ്പമൊന്നുമില്ലല്ലോ?" "രക്തം ആവശ്യമായി വരുമോ?" ഇത്തരം ചോദ്യങ്ങൾ ഡോക്ടർമാരുടെ മൊബൈൽ ഫോണുകളിലൂടെയും നിരന്തരം പ്രവഹിച്ചു കൊണ്ടിരിക്കും. (ഇക്കൂട്ടർ ഓർക്കുക, പലപ്പോഴും ആശുപത്രികളിൽ സിസ്സേറിയൻ ശസ്ത്രക്രിയയുടെ എണ്ണം കുത്തനെ ഉയരുന്നതിനുള്ള പ്രധാനകാരണം ഇത്തരം ചോദ്യങ്ങളാണ്).

**സന്ദർശകർക്കും വേണം ഒരു പെരുമാറ്റച്ചട്ടം**

രോഗിയെ സന്ദർശിക്കാൻ എത്തു ന്നതിനു മുൻപ് രോഗിയുടെ പേര്, വയസ്സ്, രോഗി കിടക്കുന്ന വാർഡ്, ബെഡ് നമ്പർ (പേ വാർഡ് ആണെങ്കിൽ മുറിയുടെ നമ്പർ) എന്നിവ വ്യക്തമായി അറിഞ്ഞിരിക്കണം.

ആശുപത്രിക്കുള്ളിലെ അച്ചടക്കം, പരിസരശുചിത്വം എന്നിവയെ സംബന്ധിച്ചുള്ള പൊതുനിയമങ്ങൾ പാലിക്കുന്നതിന് സന്ദർശകരും ബാദ്ധ്യസ്ഥരാണ്.

"സന്ദർശകർ പാടില്ല" എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ

(വാർഡ്, ഐ.സി.യൂണിറ്റ്, പ്രസവമുറി) ഏതും ആകട്ടെ ഈ ബോർഡ് കണ്ടി ട്ടില്ലെന്ന് നടിച്ച് അവിടെ കയറിച്ചെന്ന് ക്ഷേമാന്വേഷണം നടത്തുന്നതിന് സന്ദർശകർ തുനിയരുത്.

വായുവിലൂടെ പകരുന്ന ചെങ്കണ്ണ്, ശ്വാസകോശ രോഗങ്ങൾ എന്നിവയുള്ളവർ ആശുപത്രി സന്ദർശനം ഒഴിവാക്കുക. ഇത്തരം രോഗമുള്ളവർ നവജാത ശിശു ക്കളെ എടുത്ത് അവരുടെ മുഖത്ത് ചും ബിച്ചതിനാൽ (അമ്പമ്പോാാ...എന്തൊരു സ്നേഹം!!!) നിരപരാധികളായ ഈ ശിശുക്കളിൽ ശ്വാസകോശരോഗങ്ങൾ ക്കും നേത്രരോഗങ്ങൾക്കും ശക്തമായ അടിത്തറ പാകിയ എത്രയോ സംഭവങ്ങൾ ഉണ്ട്.

പ്രതിരോധശേഷി കുറഞ്ഞ വൃ ദ്ധജനങ്ങൾ, കുട്ടികൾ എന്നിവർ ആശു പത്രി സന്ദർശനത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുക.

പകർച്ചവ്യാധികളാൽ കഷ്ടപ്പെടുന്ന രോഗികളെ സന്ദർശിക്കാൻ പോകരുത്; അത്യാസന്ന നിലയിൽ കഴിയുന്ന രോഗി കളുടെ സമീപം അധികനേരം നിൽക്കുക യുമരുത്.

രോഗിയുമായി സംസാരിക്കുമ്പോൾ അവരുടെ മനസ്സിൽ നിക്ഷേധാത്മക ചിന്തകൾ നിറയ്ക്കുന്ന രീതിയിലുള്ള സംഭാഷണം ഒഴിവാക്കുക. ഉദാഹരണ മായി സുഖപ്രസവം പ്രതീക്ഷിച്ചു കഴിയുന്ന ഗർഭിണിയോട് പ്രസവത്തിൽ മരിച്ചു പോയ സ്ത്രീയുടെ കഥ പറയരുത്.

**രോഗത്തെപ്പറ്റി ആധികാരികമായി സംസാരിക്കാൻ കഴിയാത്തവർ മൗനം പാലിക്കുക.**

രോഗിക്കു നൽകുന്ന ഉപഹാര ങ്ങളുടെ കാര്യത്തിലും ശ്രദ്ധ വേണം. പ്രമേഹരോഗം മൂർച്ഛിച്ച് മൂന്നു നേരവും ഇൻസുലിൻ കുത്തിവയ്പ്പുമായി കഴിയുന്ന രോഗികൾക്ക് പഴങ്ങളും മധുരപലഹാരവും വാങ്ങി നൽകരുത്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കു ന്നവർക്ക് സാമ്പത്തിക സഹായം നൽ കുക, അവർ ഇക്കാര്യം ഒരിക്കലും മറക്കു കയില്ല.

രോഗിക്കു വേണ്ടി പ്രാർത്ഥിക്കാൻ ഉദ്ദേശിക്കുന്നവർ തങ്ങളുടെ പ്രാർത്ഥന ഹ്രസ്വവും കാര്യമാത്ര പ്രസക്ത വുമായി രിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (മലവെള്ള പ്പാച്ചിൽ പോലുള്ള പ്രാർത്ഥന കൾ ഒഴിവാ ക്കുക).

**രോഗികൾ എന്തു ചെയ്യണം**

സൗഹൃദം നമ്മുടെ വ്യക്തി ബന്ധങ്ങളെ പുഷ്ടിപ്പെടുത്തുന്നു, വ്യാകു ലതകൾ അകറ്റുന്നു എന്നതു സത്യമാണ്. പക്ഷേ സന്ദർശകർ നൽകുന്ന ഉപദേശ ങ്ങളിലെ നെല്ലും പതിരും തിരിച്ചറിഞ്ഞ ശേഷം അവയെപ്പറ്റി പലവട്ടം ആലോചിച്ച ശേഷം സ്വീകരിക്കാവുന്നവ മാത്രം സ്വീകരിക്കുകയാണ് ചെയ്യേണ്ടത്.

**സന്ദർശകർ ജോബ്സ് കംഫർട്ടർമാർ ആകാതിരിക്കുക**

സൗഹൃദം ഏറ്റവും ഇഷ്ടപ്പെടുന്ന ഒരു സമൂഹജീവിയാണ് മനുഷ്യൻ. അതിനാൽ ബന്ധുക്കളോ സുഹൃത്തു ക്കളോ രോഗികൾ ആകുന്ന നിർഭാഗ്യ കരമായ അവസ്ഥയുണ്ടാകുമ്പോൾ, അവരുടെ ദു:ഖങ്ങളുടെയും കഷ്ടത കളുടെയും കഥകൾ കേൾക്കുമ്പോൾ മുഖം തിരിക്കാതെ ആത്മാർത്ഥമായി സഹ തപി ക്കുക, അവർക്കു വേണ്ടി പ്രാർത്ഥി ക്കുക, അവരുടെ തോളിൽ തട്ടി ആശ്വസി പ്പിക്കുക.

ഇത്തരം സുഹൃത്തുക്കളെയാണ് നമുക്കാവശ്യം. "ജോബ്സ് കംഫർട്ടർ" മാരെയല്ല.

The doctor treats, and God heals. He is the Great Physician

# ഒരു അനുതാപ പ്രാർത്ഥന

ഡി.സി.ജെ

അടിയനെ അളവ് കൂടാതെ സ്നേഹിക്കുന്ന സ്വർഗ്ഗസ്ഥ പിതാവേ, ഒരു അനു താപ പ്രാർത്ഥനയോടെ ഈ വർഷത്തെ ആരംഭിക്കുന്നത് ക്ഷമിക്കേണമേ. മുടക്കം കൂടാതെ വിശുദ്ധ ദിവസ ആരാധനയിൽ "പങ്കെടുക്കുന്നു" ണ്ടെങ്കിലും അവിടുന്ന് ആഗ്രഹിക്കുന്നതു പോലെ ആത്മാവിലും സത്യത്തിലും അങ്ങയെ ആരാധിക്കാൻ സാധിക്കുന്നില്ല. കൃത്യ സമയത്ത് തന്നെ ആരാധനയ്ക്ക് വന്നെത്തുന്നുണ്ടെങ്കിലും കുറവുകൾ ഏറെ ഉണ്ട്. അച്ചൻ പല പ്രാവശ്യം ഓർമ്മപ്പെടുത്തിയിട്ടും പ്രാർത്ഥനകൾക്കും, ആശീർവാദത്തിനും ശേഷം ആമേൻ പറയാതിരിക്കുന്നത് ക്ഷമിക്കേണമേ. മൗനം സമ്മത ലക്ഷണം എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. പ്രാർത്ഥന ശ്രദ്ധയോടെ കേൾക്കുകയും പ്രാർത്ഥനയോട് പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നതു കൊണ്ട് ആമേൻ പറഞ്ഞ് ഊർജ്ജവും സമയവും ഇപ്പോൾ പാഴാക്കാതിരുന്നാൽ തിരുസന്നിധിയിൽ വന്ന് നിത്യകാലം വസിക്കുമ്പോൾ ഊർജ്ജസ്വലതയോടെ ആമേൻ പറയാൻ കഴിയുമല്ലോ. "അങ്ങയുടെ വാതിലുകളിൽ സ്തോത്രത്തോടും അങ്ങയുടെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ" വരണമെന്നും, സ്തോത്രം എന്ന യാഗം അർപ്പിക്കുന്നവൻ അങ്ങയെ മഹത്വപ്പെടുത്തുന്നു എന്നും എനിക്ക് അറിയാം. എന്നാൽ, എനിക്ക് പാടുവാൻ കഴിയുന്നില്ല. പാട്ടു പുസ്തകം കൈയിൽ കാണാറില്ല. പോരെങ്കിൽ, പാടുക എന്ന ദൗത്യം പാട്ടു സംഘത്തിന് ഔട്ട് സോഴ്സ് ചെയ്തിരിക്കുന്നു എന്നാണ് എന്റെ ധാരണ. ആ മേഖലയിൽ കൈകടത്തുന്നത് ശരിയാണ് എന്ന് എനിക്ക് തോന്നുന്നില്ല. ഇനി പ്രതിവാക്യത്തിന്റെ കാര്യം. ഞാൻ വേദപുസ്തകം കൊണ്ടുവരാറില്ല. എന്നോട് ക്ഷമിക്കേണമേ. മറ്റു ദിവസങ്ങളിൽ കുട്ടികളുടെ സ്കൂൾ ബാഗ്, ജോലി സ്ഥലത്തു വേണ്ട സാധനങ്ങൾ, ലഞ്ച് ബോക്സ്, ഹെൽമെറ്റ് എന്നിവയും മടങ്ങി വരുമ്പോൾ വീട്ടാവശ്യത്തിനുള്ള വസ്തുക്കളും ചുമക്കുന്നു. ഒരു ദിവസമെങ്കിലും വിശ്രമം വേണ്ടേ? പോരെങ്കിൽ, കൽപ്പനപ്രകാരം, ഭാരം ചുമക്കാതെ, ജോലി ചെയ്യാതെ, ശബ്ബത്ത് ആചരിക്കാനും സാധിക്കുന്നു. തിരുവചന ശുശ്രൂഷാ സമയം പലപ്പോഴും ആത്മാർത്ഥമായി ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല. ഏഴ് മിനിട്ട് മുതൽ ചിലപ്പോൾ ഇരുപത് മിനിറ്റ് വരെ നീണ്ടു നിൽക്കുന്ന പരസ്യം കേട്ട ശേഷം ശ്രദ്ധ കേന്ദ്രീകരിക്കാൻ അടിയന് പ്രയാസം തോന്നുന്നു.

അവിടുന്ന് തീക്ഷണതയുള്ള ദൈവം എന്നും, ഭക്ഷിക്കുന്ന അഗ്നി എന്നും, അതേ സമയം മഹാ ദയയും കരുണയും ഉള്ളവനെന്നും ഞാൻ അറിയുന്നു. താങ്ങാനാവാത്ത മനോവ്യഥയും കഷ്ടപ്പാടും അനുഭവിച്ച് തിരുജീവനെ ഏഴക്കായി നൽകി എന്നും വിശ്വസിക്കുന്നു. എല്ലാവിധ ഭൗതിക, ആത്മീയ അനുഗ്രഹങ്ങളുടേയും ദാതാവായ അങ്ങയെ ആരാധിക്കേണ്ട രീതിയിൽ ആരാധിക്കാതിരുന്നതും, കുടുംബാംഗങ്ങൾക്കും സഹവിശ്വാസികൾക്കും ഇടർച്ച വരുത്തിയതും അടിയനോട് ക്ഷമിക്കേണമേ.

എഡിറ്റോറിയൽ

# പ്രാർത്ഥനയും രോഗസൗഖ്യവും



ഒരാശുപത്രിയിൽ അത്യാസന്ന നിലയിൽ കഴിയുന്ന ഒരു രോഗിയെ സന്ദർശിക്കുവാൻ എല്ലാ ദിവസവും രണ്ടു നേരം ഒരു പ്രാർത്ഥനാ ഗ്രൂപ്പുകാർ വന്നു കൊണ്ടിരുന്നു. അവർ കുറെ സമയം രോഗിയുടെ അടുക്കൽ പ്രാർത്ഥനയ്ക്ക് ചെലവഴിച്ചു. പ്രാർത്ഥനയിൽ വിശ്വാസമില്ലാത്ത വ്യക്തിയായിരുന്നു അവിടത്തെ ഡോക്ടർ.

ഒരു ദിവസം പ്രാർത്ഥനക്കാരോട് ഡോക്ടർ പറഞ്ഞു. "ഈ സ്ത്രീ കൂടി വന്നാൽ മൂന്നു മാസം കൂടി ജീവിച്ചിരിക്കും. ഇവരെ രക്ഷപ്പെടുത്തുവാൻ വൈദ്യശാസ്ത്രത്തിന് സാദ്ധ്യമല്ല. പിന്നെ എന്തിനാണ് നിങ്ങൾ ഇത്രയും സമയം നഷ്ടപ്പെടുത്തുന്നത്?" അതിന് അവരിലൊരാൾ "യേശുക്രിസ്തു മരിച്ചവനെ ഉയർപ്പിച്ചവനാണ്. ഞങ്ങളുടെ ദൈവം സൗഖ്യം കൊടുക്കുന്നവനാണ്" എന്ന് പറഞ്ഞു. കുറെ ദിവസം കഴിഞ്ഞ് ആ ഡോക്ടർ അൻപതു മൈൽ അകലെയുള്ള മറ്റൊരു ആശുപത്രിയിലേക്ക് സ്ഥലം മാറിപ്പോയി.

ഒരു വർഷം കഴിഞ്ഞ് അദ്ദേഹം വീണ്ടും തിരികെ ആ ആശുപത്രിയിൽ എത്തി. അപ്പോൾ അവിടെയുള്ള ഒരു ജോലിക്കാരി അത്യാസന്ന നിലയിൽ കിടന്നിരുന്ന ആ പഴയ കാൻസർ രോഗിയെപ്പറ്റി ഡോക്ടറോട് പറഞ്ഞു. അത്ഭുതത്തോടെ അദ്ദേഹം ചോദിച്ചു: "ആ സ്ത്രി ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ?" ആ ജോലിക്കാരി പറഞ്ഞു " ജീവിച്ചിരിക്കുന്നു എന്നു മാത്രമല്ല പൂർണ്ണ ആരോഗ്യവതിയുമായിരിക്കുന്നു." അത് വിശ്വസിക്കാൻ കഴിയാതിരുന്ന ഡോക്ടർ ആ സ്ത്രീയെ നേരിൽ കണ്ട് അവരെ പല പരീക്ഷണങ്ങൾക്കും വിധേയമാക്കി. ആ സ്ത്രീയിൽ കാൻസർ രോഗത്തിന്റെ യാതൊരു ലക്ഷണവുമില്ലായിരുന്നു.

ഈ സംഭവം ഡോക്ടറുടെ ജീവിതത്തിൽ ഒരു വഴിത്തിരിവായിത്തീർന്നു. പ്രാർത്ഥന മൂലം മനസ്സിനും ശരീരത്തിനും വരുന്ന പരിവർത്തനങ്ങൾ അത്ഭുതകരമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം ആ പ്രാർത്ഥനാഗ്രൂപ്പിനെ വരുത്തി ആഴ്ചയിൽ ഒരിക്കൽ ആശുപത്രിയിലെ എല്ലാ രോഗികൾക്കും വേണ്ടി പ്രാർത്ഥന നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു.

ജീവിതത്തിൽ പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വരുമ്പോൾ, രോഗം ബാധിച്ച് വൈദ്യശാസ്ത്രം പോലും നമ്മെ കൈവിടുമ്പോൾ നമുക്ക് ചെയ്യാവുന്ന ഏക കാര്യം പ്രാർത്ഥിക്കുക എന്നതു മാത്രമാണ്. **മനുഷ്യന് ഒന്നും ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ ദൈവം കടന്നു വന്നു പ്രവർത്തിക്കും**. **Man's extremity is God's opportunity**. ജീവിതത്തിൽ എല്ലാ അവസ്ഥകളിലും നമുക്ക് പ്രാർത്ഥനയ്ക്ക് മുഖ്യസ്ഥാനം നൽകാം. വരും നാളുകളിൽ ദൈവത്തിൽ നിന്നും വലിയ അനുഗ്രഹങ്ങൾ നമുക്ക് പ്രാപിക്കാം!

**ആർ. സാജൻ സാംസൺ**
എഡിറ്റർ
Email: sajansamson@hotmail.com

# Circle Prayer List

## February 2010 (06.30 PM)

| | | |
|---|---|---|
| 02.02.2010<br>Tuesday | Mr. Jaison Pradeep Boas<br>Mr. Noble Albin<br>Mr. Joseph Raj | Gowreeshapattom<br>Watts Lane<br>Jagathy |
| 05.02.2010<br>Friday | Rev. Samjis<br>Mr. Praveen Frederic<br>Mr. Rajeev Justus Sumanam | Museum Bains Compound<br>V.V.Nagar<br>Nalanda |
| 09.02.2010<br>Tuesday | Mr. James Chalmers<br>Dr. V.S.Sugunan<br>Mr. Ebymon | Barton Hill<br>Bains Compound<br>Vettikuzhy, Sathyan Nagar |
| 12.02.2010<br>Friday | Mr. Ronald Chandra Kumar<br>Mr. Biju Jones<br>Prof. Oliver A Maison | Santhosh Nagar, Muttada<br>Thirumala<br>Chalakuzhy Lane, Pattom |
| 16.02.2010<br>Friday | Prof. Ross Chandran | YMR |
| 19.02.2010<br>Friday | Dr. D. Benjamin<br>Mr. Christopher Ross<br>Mr. C.F.Santhosh Kumar | Chavadimukku<br>YMR<br>Statue Road |
| 23.02.2010<br>Tuesday | Mrs. Kamala Bai<br>Mr. Justin Jose<br>Mr. Conrad Prabhakar Hudson | Charachira<br>Thirumala<br>Nanthencode |
| 26.02.2010<br>Friday | Dr. Sudhir Jacob<br>Mr. Sathyavalsalam<br>Dr. Rajeswari Amma | Anathara<br>Statue Road<br>Manchadivila |
| 02.03.2010<br>Tuesday | Mr. Hubert Leslie Rose<br>Mr. D. Nelson<br>Dr. C.A.Lal | Kannammoola<br>Charachira<br>Ambalamukku |
| 05.03.2010<br>Friday | Mr. Nagarajan<br>Mrs. Mercy Adriel<br>Mrs. C.Syamala | Plamoodu<br>Kowdiar<br>Vivekanda Nagar |
| 09.03.2010<br>Tuesday | Mr. J.Paul Das<br>Mrs. N.K.Prathapachandran<br>Mrs. Mary Celesti Bai | Sreekariyam<br>Watts Lane<br>Peroorkada |

---

**A Jewish Prayer**

Heal us, O Lord, and we shall be healed; save us and we shall be saved; for it is you we praise. Send relief and healing for our diseases, our sufferings and our wounds; for you are a merciful and faithful healer. Blessed are you, O Lord, King of the Universe, who heals the sick.



"Even there your hand will guide me, your right hand will hold me fast."
(Psalm 139:10)




WARNING: Side effects include freedom from guilt, reduced tension, increased joy, spontaneous laughter, love for your fellow human, eternal life, and an urge to tell others the wonderful news